9.30 A.M]

മി.സ്പീക്കർ : അടിയന്തരപ്രമേയം.....

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്യുതാനന്ദൻ) : സർ, പാഠപുസ്തകം അച്ചടിക്കുന്നതുമായി ബന്ധപ്പെട്ട് ചർച്ചകളും ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയും വന്നതാണ്. ഇന്നലെയും ആ പ്രശ്നം സംബന്ധിച്ച് കോട്ടയത്ത് വിദ്യാർത്ഥികളുടെ നേരെ പോലീസ് ലാത്തിച്ചാർജ് നടത്തി. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോ വിദ്യാഭ്യാസ വകുപ്പുമന്ത്രിയോ വിദ്യാർത്ഥി സംഘടനകളെ വിളിച്ച് ഇതുസംബന്ധിച്ച് ഞങ്ങൾ ഒരു തീരുമാനം പ്രഖ്യാപിച്ചിട്ടുണ്ട്, നിങ്ങൾ അതിന് സഹകരിക്കണമെന്നൊരു നിലപാട് സ്വീകരിക്കുന്നത് നന്നായിരിക്കില്ലേ എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇത് നേരത്തെ എഴുതിത്തന്നിട്ടുണ്ട്, അത് ഈ സമയത്ത് ഉന്നയിക്കാനല്ല. അടിയന്തര പ്രമേയം വിളിച്ചുകഴിഞ്ഞു. അതിനിടയ്ക്ക് എങ്ങനെയാണ് മറുപടി പറയാൻ സാധിക്കുന്നത്?

II അടിയന്തരപ്രമേയം

പകർച്ചപ്പനി

മി. സ്പീക്കർ : ചെള്ളുപനി, കരങ്ങുപനി, കാലാ-അസർ, ഡെങ്കിപ്പനി, ചിക്കൻഗുനിയ, എച്ച്1 എൻ1 തുടങ്ങിയ പുത്തൻ പകർച്ചവ്യാധികളുടെ വ്യാപനവും നിയന്ത്രിക്കപ്പെട്ടിരുന്നവയുടെ തിരിച്ചുവരവുംമൂലം സംസ്ഥാനത്തെ ആളുകൾ രോഗബാധിതരായിരിക്കുകയും സർക്കാർ/സ്വകാര്യ ആശുപത്രികളിൽ പ്രവേശിപ്പിക്കപ്പെട്ട അൻപതോളം രോഗികൾ മതിയായ ചികിത്സ ലഭിക്കാതെ മരണപ്പെടുകയും ചെയ്തിരിക്കുന്നതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് ബഹുമാനപ്പെട്ട പ്രൊഫ. സി. രവീന്ദ്രനാഥ്, സർവ്വശ്രീ വി. എസ്. സുനിൽകുമാർ, സി.കെ. നാണു, എ.കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ 0ൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) : സർ, സംസ്ഥാനത്ത് മഴക്കാലം ആരംഭിച്ചതോടുകൂടി എല്ലാവർഷത്തെയുംപോലെ പകർച്ചവ്യാധികൾ പൊട്ടിപ്പുറപ്പെട്ടിട്ടുണ്ട്. അതുമുന്നിൽ കണ്ടുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

വളരെ നേരത്തെതന്നെ സംസ്ഥാന ഗവൺമെന്റ് ജനുവരി മാസംമുതൽ മഴക്കാല പൂർവ്വരോഗപ്രതിരോധ പ്രവർത്തനങ്ങൾക്ക് ശക്തമായ കർമ്മപദ്ധതിയാവിഷ്കരിച്ച് നടപ്പിലാക്കി വരികയാണ്. ഈ വർഷം ജൂലൈ 5 വരെ 11,55,340 കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കഴിഞ്ഞ വർഷം ഇതേ കാലയളവിൽ 13,45,000 കേസുകളാണ് റിപ്പോർട്ട് ചെയ്തിരുന്നത്. കഴിഞ്ഞ പ്രാവശ്യത്തെക്കാൾ പനി ബാധിതരുടെ എണ്ണം ഈ വർഷം കുറവാണെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. അതോടൊപ്പംതന്നെ എച്ച്1 എൻ1, മലമ്പനി, മറ്റു ചില പനികളും ചില ജില്ലകളിലും സംസ്ഥാനത്തും വ്യാപകമായി കണ്ടുവരുന്നുണ്ടെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. പകർച്ചവ്യാധി പ്രതിരോധനിയന്ത്രണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാനും അവലോകനം ചെയ്യുവാനും സംസ്ഥാനതലം മുതൽ വാർഡ് തലംവരെ പല പ്രാവശ്യം മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ജനുവരി, ഫെബ്രുവരി, ജൂലൈ മാസങ്ങളിൽ യോഗം ചേരുകയുണ്ടായി. ഓരോ ജില്ലയിലെയും ചാർജ്ജുള്ള മന്ത്രിമാർ നിയോജകമണ്ഡലാടിസ്ഥാനത്തിൽ പ്രത്യേകമായി എം.എൽ.എ. മാർക്ക് കത്ത് കൊടുത്ത് അതിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തി വരികയാണ്. വാർഡ് മെമ്പർമാരുടെ നേതൃത്വത്തിൽ വാർഡുതല ആരോഗ്യ ശുചിത്വ സമിതികൾ യോഗംകൂടി ഫണ്ട് ലഭ്യതയും പ്രവർത്തനങ്ങളും ഊർജ്ജിതമാക്കി നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി പഞ്ചായത്ത്-നഗരകാര്യ വകുപ്പുകളും ശുചിത്വ മിഷനും ആരോഗ്യ വകുപ്പുമായി യോജിച്ച് മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ ജനുവരിമാസം മുതൽ നടത്തിവരികയാണ്. മാർച്ച് മാസത്തിൽ മഴക്കാല രോഗങ്ങൾ ഉണ്ടാകുന്നതുമായി ബന്ധപ്പെട്ട് ജനങ്ങളിൽ അവയർനെസ്സ് ഉണ്ടാക്കുന്നതിനുവേണ്ടി എല്ലാ ജില്ലകളിലും 'ആരോഗ്യ സന്ദേശ യാത്ര'കൾ നടത്തി ജനങ്ങളെ ബോധവൽക്കരിച്ചു. കൊതുകുകളുടെ ഉറവിടങ്ങൾ കണ്ടുപിടിച്ച് അവ നീക്കം ചെയ്യുന്ന ക്യാമ്പയിൻ, Dry Container and Key Container Elimination Campaign, റബ്ബർ, അടയ്ക്ക തോട്ടങ്ങളിലും മറ്റും കൂടുതലായി കാണപ്പെടുന്ന കൊതുകിന്റെ ഉറവിടങ്ങൾ നശിപ്പിക്കുന്നതിനുള്ള പ്ലാന്റേഷൻ ക്യാമ്പയിൻ ഏപ്രിൽ മാസം മുഴുവൻ നടത്തി. മേയ് മാസം ക്ലീൻ ഓഫീസ്, പബ്ലിക് പ്ലേസ് ക്യാമ്പയിൻ, സേഫ് വാട്ടർ ക്യാമ്പയിൻ എന്നിവ നടത്തി. കൂടാതെ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സേഫ് കേരള ക്യാമ്പയിന്റെ ഭാഗമായി ഭക്ഷണശാലകൾ, ക്ലീനിക്കുകൾ, ലബോറട്ടറികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഇതര സംസ്ഥാന തൊഴിലാളി ക്യാമ്പുകൾ, വീടുകൾ, സ്ഥാപനങ്ങൾ, തോട്ടങ്ങൾ എന്നിവിടങ്ങളിൽ ആരോഗ്യ പ്രവർത്തകർ പൊതുജന ആരോഗ്യ നിയമപ്രകാരം പരിശോധനകൾ നടത്തിയിട്ടുണ്ട്. ജൂൺ-ജൂലൈ മാസങ്ങളിൽ പനിബാധിതരുടെ എണ്ണം കൂടുന്ന സാഹചര്യത്തിൽ ആശുപത്രികളിൽ ആവശ്യാനുസരണം പനി വാർഡുകളും പനി ക്ലിനിക്കുകളും ആരംഭിക്കുകയും ചികിത്സാ സംവിധാനങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. എല്ലാ തലങ്ങളിലും മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനുപുറമെ പകർച്ചവ്യാധി ചികിത്സയ്ക്കാവശ്യമായ എല്ലാവിധ മരുന്നുകളുടെ ലഭ്യതയും ഉറപ്പാക്കിയിട്ടുണ്ട്. രോഗനിരീക്ഷണത്തിനാവശ്യമായ ഐ.ജി.എം., എലിസ കിറ്റുകൾ പബ്ലിക് ഹെൽത്ത് ലബോറട്ടറികളിലും മെഡിക്കൽ കോളേജുകളിലും മറ്റു പ്രധാന ആശുപത്രികളിലും ആവശ്യത്തിന് വിതരണം ചെയ്തിട്ടുണ്ട്. അതുപോലെ പകർച്ചവ്യാധികളുടെ ചികിത്സാമാർഗ്ഗരേഖകൾ സർക്കാർ-സ്വകാര്യ ആശുപത്രികളിലെ ഡോക്ടർമാർക്ക് ലഭ്യമാക്കി ശരിയായ ചികിത്സ ഉറപ്പുവരുത്തുകയും എല്ലാ ജില്ലകളിലും ഇതിനാവശ്യമായിട്ടുള്ള ഫണ്ടുകൾ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. സർക്കാർ നേരത്തെ തന്നെ മുൻകരുതലോടുകൂടി പ്രതിരോധ പ്രവർത്തനങ്ങൾ സ്വീകരിച്ചതുകൊണ്ടാണ് പകർച്ചവ്യാധികൾ നിയന്ത്രണ വിധേയമാക്കാൻ കഴിഞ്ഞത്. വിവിധ ഡിപ്പാർട്ടുമെന്റുകളുടെ ഏകോപനത്തോടുകൂടിയാണ് ഇക്കാര്യങ്ങൾ വിജയത്തിലെത്തിക്കാൻ കഴിയുന്നത്. സംസ്ഥാനത്ത് എല്ലാതലങ്ങളിലും കഴിഞ്ഞ വർഷത്തെപോലെ തന്നെ മാലിന്യപ്രശ്നമുണ്ട്. തദ്ദേശ ഭരണസ്ഥാപനങ്ങൾ നൂറുശതമാനവും സഹകരിച്ചാൽ മാത്രമേ ആരോഗ്യ വകുപ്പിന് ഇത് വിജയത്തിലേയ്ക്ക് കൊണ്ടുവരാൻ സാധിക്കുകയുള്ളൂ. ആരോഗ്യ വകുപ്പിനെ സംബന്ധിച്ചിടത്തോളം ഈ പ്രവർത്തനങ്ങൾ എന്നുപറയുന്നത് സാങ്കേതികമായിട്ടുള്ള നേതൃത്വം കൊടുക്കുക അവരെ കോ-ഓർഡിനേറ്റ് ചെയ്യുക എന്നുള്ളതാണ്. നഗര പ്രദേശങ്ങളിലാണ് കൂടുതൽ പകർച്ചവ്യാധികൾ കാണപ്പെടുന്നതെന്ന് റിവ്യൂ മീറ്റിംഗ് നടത്തിയപ്പോൾ മനസ്സിലാക്കാൻ സാധിച്ചു. തദ്ദേശ ഭരണസ്ഥാപനങ്ങൾ - കോർപ്പറേഷനുകളും മുനിസിപ്പാലിറ്റികളും മറ്റെല്ലാ പ്രവർത്തനങ്ങളും മാറ്റിവച്ചുകൊണ്ട് ഇതിന് ആത്മാർത്ഥമായി പരിശ്രമിച്ചാൽ മാത്രമേ നമുക്ക് നൂറുശതമാനവും വിജയം

നേടാൻ സാധിക്കുകയുള്ളൂ. അന്യസംസ്ഥാനങ്ങളിൽ നിന്നും എത്തിച്ചേരുന്ന തൊഴിലാളികളിൽ നിന്നാണ് കൂടുതലായി പകർച്ചപ്പനികളുണ്ടായിട്ടുള്ളത്. അതിന് പ്രത്യേക കർമ്മ പദ്ധതികളാവിഷ്കരിച്ച് ആവശ്യമായ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. പനിബാധിതരുടെ കണക്ക് പരിശോധിച്ചാൽ കഴിഞ്ഞ വർഷത്തേക്കാൾ കുറവാണ്. പനി ബാധിച്ചവർക്കാവശ്യമായ അടിയന്തര ഇടപെടലുകൾ നടപ്പിലാക്കിക്കൊണ്ട് ഗവൺമെന്റ് മുന്നോട്ടുപോകുകയാണ്.

പ്രൊഫ. സി. രവീന്ദ്രനാഥ് : സർ, കേരളം അഭിമുഖീകരിക്കുന്ന വളരെ പ്രധാനപ്പെട്ട ഒരു വിഷയത്തെ ഗവൺമെന്റ് വളരെ ലാഘവത്തോടുകൂടി കാണുന്നതായിട്ടാണ് അദ്ദേഹത്തിന്റെ അവതരണത്തിലൂടെ നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നത്. പ്രതിരോധ പ്രവർത്തനങ്ങൾക്കായി പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും അദ്ദേഹം വളരെ കാര്യക്ഷമമായി ഇടപെട്ടിട്ടുണ്ടെന്നും ഓരോ പഞ്ചായത്തിനും പ്രതിരോധ പ്രവർത്തനങ്ങൾക്ക് ചെലവഴിക്കുന്നതിനുവേണ്ടി 25,000 രൂപ കൊടുത്തുവെന്നുമാണ് പറഞ്ഞത്. എന്നാൽ ഒരു പൈസപോലും ഒരു പഞ്ചായത്തിനും ലഭിച്ചിട്ടില്ലെന്നത് ഒരു വസ്തുതയാണ്. പഞ്ചായത്തുകളോട് തനതു ഫണ്ട് എടുത്ത് ചെലവഴിക്കാൻ പറഞ്ഞാൽ, തനതു ഫണ്ട് ഇല്ലാത്ത പഞ്ചായത്തുകൾ എങ്ങനെ ചെലവഴിക്കും? പ്രതിരോധ പ്രവർത്തനത്തിൽ ഏർപ്പെടുന്നത് പഞ്ചായത്തിന്റെ ചുമതല മാത്രമായി എടുക്കുന്നതുതന്നെ തെറ്റാണ്. ഏറ്റവും ഇന്റഗ്രേറ്റഡും ഉദ്ഗ്രഥിതമായിട്ടുള്ള സമീപനവും വേണ്ട വകുപ്പാണ് ആരോഗ്യ വകുപ്പ്. ആ വകുപ്പ് കേരളത്തിലെ അതീവ ഗുരുതരമായ പ്രതിസന്ധിയെ വളരെ ലാഘവബുദ്ധിയോടെയാണ് കാണുന്നത്. കേളികേട്ട കേരളത്തിന്റെ ആരോഗ്യരംഗം ഇന്ന് ഗുരുതരമായ പ്രതിസന്ധിയിലാണ്. ആ വാക്ക് അന്വർത്ഥമാക്കിക്കൊണ്ടുതന്നെയാണ് കേരളത്തിന്റെ ആരോഗ്യരംഗം പോകുന്നത്. ഹ്യൂമൻ ഡെവലപ്മെന്റ് ഇൻഡക്സിൽ കേരളത്തിന് ഇന്ത്യയിൽ ഏറ്റവും ഉയർന്ന സ്ഥാനമായിരുന്നു. ഇന്ത്യയ്ക്ക് ഹ്യൂമൻ ഡെവലപ്മെന്റ് ഇൻഡക്സിൽ 135-ാമത്തെ സ്ഥാനമേയുള്ളുവെങ്കിലും കേരളം ഹ്യൂമൻ ഡെവലപ്മെന്റ് ഇൻഡക്സിൽ വികസിത രാജ്യങ്ങൾക്കൊപ്പമായിരുന്നു. അത്തരത്തിലുള്ള ഒരു പ്രദേശത്ത് ഏകദേശം പതിനെട്ട്ലക്ഷംപേർക്ക് പനി ബാധിച്ചുകഴിഞ്ഞിരിക്കുകയാണ്. ലോകത്തിലെ ഏറ്റവും പ്രസിദ്ധമായ ഒരു സംസ്ഥാനം, ആരോഗ്യരംഗത്ത് ഏറ്റവും അപകടകരമായ ഒരു സംസ്ഥാനമായി മാറിക്കൊണ്ടിരിക്കുന്ന പശ്ചാത്തലത്തിലാണ് ഈ അടിയന്തരപ്രമേയം ഇവിടെ അവതരിപ്പിക്കുന്നത്. പ്രതിദിനം കാൽലക്ഷത്തോളമാളുകൾ പനി പിടിച്ച് ഭയന്നുവിറച്ച് ആശുപത്രികളന്വേഷിച്ച് ഓടുകയാണ്. ദിവസങ്ങൾ നീണ്ടുനിൽക്കുന്ന ശക്തമായ പനി, ഇഞ്ചക്ഷൻകൊണ്ടു

LIBRARY ARCHIVES Kerala Legislative Assembly

പോലും കുറയ്ക്കാൻ സാധിക്കാത്ത ഉയർന്ന ടെമ്പറേച്ചർ, വല്ലാത്ത ഭയമാണ് ജനങ്ങൾക്ക്. ഏതുസമയവും മരണം മുന്നിൽക്കണ്ടുകൊണ്ട് പാവപ്പെട്ട മനുഷ്യർ തീതിന്ന് ജീവിക്കുകയാണ്. വൈറസും ബാക്ടീരിയയുംമൂലമുണ്ടാകുന്ന പനികളുണ്ട്. പ്രശ്നം വളരെ സങ്കീർണ്ണവും വളരെ ഗുരുതരവുമാണ്. ആശുപത്രികളിലെ ഒ.പി. പൂരത്തിന്റെ പ്രതീതി ജനിപ്പിക്കുന്നതായി മാറിക്കഴിഞ്ഞു. ദുരിതാശ്വാസ കേന്ദ്രങ്ങൾപോലെ, അഭയാർത്ഥിക്യാമ്പുകൾപോലെ ഐ.പി.-കൾ മാറി. ഡെങ്കിപ്പനി, ചിക്കുൻഗുനിയ, മലേറിയ, ടൈഫോയ്ഡ്, എച്ച്1 എൻ.1, തക്കാളിപ്പനി, ചെള്ളുപനി, എലിപ്പനി, കുരങ്ങുപനി, പക്ഷിപ്പനി, കുരിമ്പനി എന്നിങ്ങനെയുള്ള പനികൾ. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ കണക്ക് തെറ്റാണെന്ന് ഞാൻ പറയുന്നു. ഓരോ വർഷത്തിലേയും ആരോഗ്യം മോണിറ്ററിംഗ് നടത്തുമ്പോൾ ശരാശരി രണ്ടുമുതൽ മൂന്നുശതമാനംവരെ പനിബാധിതരുടെ എണ്ണം വർദ്ധിക്കുന്നുവെന്ന് കാണാൻ കഴിയും. ഞാൻ പറഞ്ഞത് ഒരു കാലയളവിലെ കാര്യം മാത്രമല്ല. കട്ടികളിൽ പനിപിടിപെടുന്നവരുടെ വളർച്ചാനിരക്ക് മൂന്ന് മുതൽ നാലുശതമാനം വരെയാണ്. അതേസമയം അപകടം മനസ്സിലാക്കുന്ന മറ്റൊരു കാര്യം പറയാം. പുതിയ വൈറസുകളുടേയും പ്രതിരോധശേഷി വർദ്ധിച്ച ബാക്ടീരിയകളുടേയും എണ്ണം രണ്ടുമുതൽ മൂന്ന് ശതമാനം വരെ വർദ്ധിക്കുകയാണ്. ഇതുവരെ കേരളത്തിൽ കാണാത്ത കാലാ-അസർ, എഫീമറൽ സ്പീഷീസ്, ലാപ്രോ സ്പൈറോസിസിന്റെ പുതിയ തലമുറ ഇതെല്ലാം വളർന്നുവരികയാണ്. അപ്പോൾ ഒരുവശത്ത് പനിപിടിക്കുന്നവരുടെ എണ്ണം വർഷംതോറും വർദ്ധിച്ചുകൊണ്ടിരിക്കുന്ന മറുവശത്ത് ബാക്ടീരിയകളുടേയും വൈറസുകളുടേയും ശതമാനവും വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ഇതുരണ്ടും ഒരു സ്റ്റാറ്റിസ്റ്റിക്കൽ പ്രൊജക്ഷന് വിധേയമാക്കിയാൽ അടുത്ത അഞ്ച് വർഷത്തിനുള്ളിൽ കേരളത്തിൽ പത്ത് ശതമാനത്തോളമാളുകൾ പനി ബാധിതരാകുമെന്ന കണക്കാണ് നമ്മുടെ മുന്നിലുള്ളത്. ഈയൊരു യാഥാർത്ഥ്യമാണ് ആരോഗ്യവകുപ്പിനുണ്ടാകേണ്ടത്. വലിയൊരു ഭീഷണിയാണ് നമ്മെ തുറിച്ചുനോക്കുന്നത്. പക്ഷേ ഭരണകൂടം നിസ്സംഗതയോടെ നിശ്ശബ്ദസാക്ഷിയായി നിൽക്കുന്നുവെന്നത് വലിയൊരു പ്രശ്നം തന്നെയാണ്. അതുസംബന്ധിച്ച് ഒരു ചർച്ചയുപോലും തയ്യാറാകാതെ നിസ്സംഗതയോടെ ഭരണകൂടം നിലനിൽക്കുകയാണ്. ഇംഗ്ലീഷിൽ വളരെ പ്രസക്തമായ ഒരു വാക്കുണ്ട്. Catastrophic എന്നാണ് ആ വാക്ക്, ആ വാക്ക് ഇവിടെ അന്വർത്ഥമാകുകയാണ്. ഭരണകൂടത്തിന്റെ dexterous hands, dexterous eyes ഇതെല്ലാം ജനങ്ങൾ എന്നും എപ്പോഴും ഏതുനിമിഷവും പ്രതീക്ഷിക്കുകയാണ്, പക്ഷേ ആ പ്രതീക്ഷകളെല്ലാം അസ്ഥാനത്താവുകയാണ്. ഇത് മഴയുടെ മാത്രം പ്രശ്നമല്ല. താൽക്കാലികമായി മഴ പെയ്തതുകൊണ്ടുള്ള പ്രശ്നം

LIBRARY ARCHIVES Kerala Legislative Assembly

മാത്രമാണെങ്കിൽ അത് ലാഘവബുദ്ധിയാൽ കൈകാര്യം ചെയ്യപ്പെട്ടും. ഇത് ആരോഗ്യരംഗത്തെ മൗലികമായ പ്രശ്നങ്ങളാണെന്ന് ആരോഗ്യവകുപ്പ് തിരിച്ചറിയണം. ഞാൻ പറഞ്ഞത് സാക്ഷരകേരളത്തിലെ ഭയന്നോടി ആശുപത്രിയിലെത്തുന്ന ജനതയുടെ കഥയാണ്, ഓടിയെത്തുന്ന ജനതയുടെ പ്രശ്നങ്ങളാണ്. വൈറൽ പനിക്ക് മരുന്നില്ല, വൈറസിന്റെ ലൈഫ്സൈക്കിൾ കഴിയുന്നതുവരെ കാത്തിരിക്കുക, ടെമ്പറേച്ചർ കറച്ച് സെക്കന്ററി ഇൻഫക്ഷൻ വരാതിരിക്കാൻ ശ്രദ്ധിക്കുക, ബാക്ടീരിയൽ അറ്റാക്കിന് ബാക്ടീരിയ സ്പെസിഫിക് ആന്റിബയോട്ടിക് നൽകുക, ടെമ്പറേച്ചർ കൺട്രോൾ ചെയ്യുക എന്നതാണ് ചികിത്സാരീതികൾ. ഞാൻ എന്തിനിത് പറഞ്ഞു എന്ന് ചോദിച്ചാൽ, വളരെ സൂക്ഷ്മതയോടുകൂടി ഓരോ രോഗിയേയും കൈകാര്യം ചെയ്യേണ്ടതുള്ളതുകൊണ്ടാണ്. ശരിയാംവണ്ണം ചികിൽസ കിട്ടാതെ വീണ്ടും എലിപ്പനിയോ ഡെങ്കിപ്പനിയോ വന്നാൽ അറുപതു ശതമാനം മുതൽ എഴുപത് ശതമാനംവരെ മരണസാദ്ധ്യതയുണ്ടെന്ന് തിരിച്ചറിഞ്ഞതുകൊണ്ടാണ് ഞാനത് പറഞ്ഞത്. ഇത്രയും സൂക്ഷ്മമായ ചികിത്സയാവശ്യമുള്ള ആശുപത്രികളിൽ ആവശ്യത്തിന് ഡോക്ടർമാരില്ല. നൂറുകണക്കിന് രോഗികൾക്ക് ഒരു ഡോക്ടർ. ഒരു ഡോക്ടറുടെ ചുറ്റും രോഗികൾ വട്ടമിട്ടുനിന്നാൽ എങ്ങനെയാണ് ഒരു രോഗിയെ പരിശോധിച്ച് രോഗം കണ്ടുപിടിക്കാൻ സാധിക്കും. ഇപ്പോൾ എന്തെങ്കിലും ചെയ്യുകയെന്നുള്ളതാണ് പ്രധാനമായും നടക്കുന്നത്. ഇവിടെ തൊഴിലില്ലായ്മ പെരുകുന്നുവെന്ന് പറയുന്ന സമയത്ത്, 800-ൽ അധികം ഡോക്ടർമാരുടെ ഒഴിവുകൾ നിലനിൽക്കുകയാണ്. നഴ്സുമാർ ആവശ്യത്തിനില്ല. നൂറുകണക്കിന് രോഗികൾക്ക് ഒരു നഴ്സ്, ഒരു വാർഡിൽ ഒരു നഴ്സ് ചിലപ്പോൾ രണ്ടുപേർ. അതേ സപ്ലൈ ചെയ്യാൻ പറ്റുന്നുള്ളൂ. ശ്രദ്ധാപൂർവ്വമുള്ള ചികിത്സയ്ക്ക് ഫലപ്രദമായ നഴ്സിംഗ് എങ്ങനെ നടക്കും. ഏതെങ്കിലും ആശുപത്രിയിൽ ആവശ്യത്തിന് പാരാമെഡിക്കൽ സ്റ്റാഫും സപ്പോർട്ടിംഗ് സ്റ്റാഫും ഓഫീസ് സ്റ്റാഫുമുണ്ടോ ? ഇല്ല. ജീവിതശൈലീ രോഗങ്ങൾക്കുള്ള മരുന്നുകൾ എല്ലാവർക്കും ആവശ്യംപോലെ വിതരണം ചെയ്യുമെന്ന പ്രഖ്യാപനങ്ങൾ ഇവിടെ നടന്നു. ശ്രീ. എ. കെ. ബാലൻ ഇവിടെ ചോദിച്ചു ഏതെങ്കിലും ആശുപത്രിയിൽ ജീവിതശൈലീ രോഗങ്ങൾക്കാവശ്യമായ മരുന്നുകൾ വിതരണം ചെയ്യുന്നുണ്ടോയെന്ന് ? ആർക്കെങ്കിലും പറയാൻ സാധിക്കുമോ ? ജീവിതശൈലീ രോഗങ്ങൾ നിയന്ത്രിക്കപ്പെട്ടില്ലെങ്കിൽ അത് വലിയ അപകടമുണ്ടാക്കും. ഇത്തരത്തിലുള്ള പനി വരുന്നത് മരണത്തിലേയ്ക്ക് നയിക്കുമെന്നുള്ളതുകൊണ്ടാണ് ഈ വിഷയം ഇവിടെ ചൂണ്ടിക്കാണിച്ചത്. ആവശ്യത്തിന് സ്പെസിഫിക്കായിട്ടുള്ള മരുന്നുകളില്ലെന്നുള്ളത് വസ്തുതയാണ്. മരുന്നുണ്ടോ ? മരുന്നുണ്ട്. എണ്ണത്തിന് മരുന്നുണ്ടോ ? എണ്ണത്തിനുണ്ടായിരിക്കാം ; പ്രശ്നമതല്ല, ബാക്ടീരിയൽ സ്പെസിഫി

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ക്കായിട്ടുള്ള ആന്റിബയോട്ടിക്കുകൾ കൊടുക്കാനുണ്ടോ ? ഇല്ല. ആവശ്യത്തിന് ക്ലിനിക്കുകളുണ്ടോ? ഇല്ല. പുറത്തുനിന്നും വാങ്ങുന്ന മരുന്നിനോ, തീപിടിച്ച വിലയാണ്. ആശുപത്രിയിൽ രോഗികൾക്ക് കൊടുക്കാൻ മരുന്നില്ലാത്തതുകൊണ്ട് പുറത്തുപോയി വാങ്ങേണ്ടിവരും. ലാബുകളിലാണെങ്കിൽ ആവശ്യത്തിന് സ്റ്റാഫില്ല. ഉപകരണങ്ങളില്ല. ഒരു ഭാഗത്ത് പനിപിടിച്ച് ഭയന്നോടുന്ന ജനത, മറുഭാഗത്ത് അപര്യാപ്തമായ ചികിത്സാ സൗകര്യം. കേരളത്തിന്റെ ഗതികേടാണ് ഈ കാണുന്നത്. ആരാണ് ഇതിന് ഉത്തരവാദി ? ഇതെല്ലാം കേൾക്കുമ്പോൾ അതിന് ഉത്തരം പറയുന്ന വകുപ്പുണ്ട്, അവർ പറയുന്നത് 1965-ലെ സ്റ്റാഫ് പാറ്റേണാണെന്നതു ഇതിനുകാരണം. രോഗികളുടെ എണ്ണം വർദ്ധിക്കുമ്പോൾ സ്റ്റാഫ് പാറ്റേൺ തിരുത്തി ആവശ്യത്തിന് സ്റ്റാഫിനെ നിയമിക്കേണ്ട ചുമതല ആരുടേതാണ് ? ആരോഗ്യ വകുപ്പിന്റേതാണ്, ഭരണകൂടത്തിന്റേതാണ്. ഗുരുതരമായ ഈ പ്രതിസന്ധിയിൽ 61 താലൂക്കാശുപത്രികളിൽ, സ്റ്റാഫില്ല, മരുന്നില്ല തുടങ്ങിയ പല കാരണങ്ങൾകൊണ്ട് അത്യാഹിതവിഭാഗംപോലും പ്രവർത്തിക്കുന്നില്ല. 3554 തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു. 700 ആശുപത്രികളിൽ ക്ലിനിക്കൽ ലാബില്ല. ആരാണ് ഇതിന് ഉത്തരവാദി ? 3000 പേരടങ്ങുന്ന ഡോക്ടർമാരുടെയും ലാബ് ടെക്നീഷ്യന്റേയും നഴ്സുമാരുടെയും പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലനിൽക്കുകയാണ്. ആരാണ് ഈ പ്രശ്നം പരിഹരിക്കേണ്ടത് ? തൊഴിലില്ലായ്മ വർദ്ധിച്ചുകൊണ്ടിരിക്കുന്നുവെന്ന് പറയുന്നിടത്ത് 3554 ഒഴിവുകളും 700 ഡോക്ടർമാരുടെ ഒഴിവുകളും ആരോഗ്യരംഗത്ത് ഒഴിഞ്ഞുകിടക്കുകയാണ്. ആരാണ് ഈ പ്രശ്നം രൂക്ഷമാക്കുന്നതിനുള്ള ഉത്തരവാദി ? ഇതൊന്ന് പരിശോധിക്കണം. ലാബ് ടെസ്റ്റുകൾക്ക് ആശ്രയം സ്വകാര്യ ക്ലിനിക്കുകളായി മാറിയിട്ടുണ്ട്. ഒരേ രക്തം മൂന്ന് ലാബുകളിൽ പരിശോധിച്ചാൽ മൂന്ന് റിസൾട്ട് കിട്ടും. ക്ലിനിക്കൽ കോറിലേഷൻ എന്ന Trial & Error രീതിയിൽ സ്പെസിഫിക്കല്ലാത്ത ബ്രോഡ്സ്പെക്ട്രം ആന്റിബയോട്ടിക്കുകൾ കൊടുക്കുകയാണ്. ഒത്താൽ ഒത്തു, ഇതാണവസ്ഥ. ഇതെല്ലാം മെച്ചപ്പെടുത്തി ചികിത്സാരംഗം കുറ്റമറ്റതാക്കലാണോ അതോ അപര്യാപ്തമായി കിടക്കുന്നിടത്തുനിന്നും ഡോക്ടർമാരേയും സ്റ്റാഫിനേയും പിൻവലിച്ച് പുതിയ മെഡിക്കൽ കോളേജുകൾ തുടങ്ങുകയാണോ വേണ്ടതെന്ന ചോദ്യത്തിന് കൃത്യമായ, യുക്തിഭദ്രമായ ഉത്തരം തരണം. എത്ര ആലോചിച്ചിട്ടും ഇതിന് ഉത്തരം കിട്ടുന്നില്ല. കുറ്റകരമായ വികസന അജണ്ടയാണ് ഇതിനുകാരണം. ആരോഗ്യ വകുപ്പ് ചികിത്സാരംഗത്ത് പൂർണ്ണ പരാജയമാണെന്ന് പറഞ്ഞാൽ അതിൽ അതിശയമില്ല.

ചില കാര്യങ്ങൾ കൂടി പരിശോധിക്കണം. കേരളംപോലുള്ള പ്രദേശത്ത് അനിയന്ത്രിതമായി പകർച്ചവ്യാധികൾ വരാനുള്ള കാരണം ആരോഗ്യ വകുപ്പ്

LIBRARY ARCHIVES Kerala Legislative Assembly

യഥാർത്ഥത്തിലുള്ള പ്രതിരോധത്തിന്റെ നൈസർഗ്ഗിക സ്വഭാവങ്ങൾ മറന്ന് കേവലം ചികിൽസാ വകുപ്പായി മാറിപ്പോയി എന്നുള്ളതാണ്. കേരളത്തിന്റെ പുകഴ്പെറ്റ ആരോഗ്യരംഗത്തെ പ്രശ്നമാണ് ഞാൻ പറയുന്നത്. അതുകൊണ്ടാണ് ഞാൻ നേരത്തെ ഇതൊരു മൗലിക പ്രശ്നമാണെന്ന് സൂചിപ്പിച്ചത്. കേവലം മഴയുടെ പ്രശ്നമല്ല. ഞാൻ ഒന്നുകൂടി ആവർത്തിക്കാം. കേരളത്തിലെ ആരോഗ്യ വകുപ്പ് നൈസർഗ്ഗികമായ പ്രതിരോധചിന്തകൾ മറന്ന് കേവലം ചികിൽസാ വകുപ്പായി മാറിപ്പോയി. ഇതാണ് നമ്മുടെ അടിസ്ഥാന പ്രശ്നം. ഇതിന്റെ ദുരന്തമാണ് ജനതയുടെ നാല് ശതമാനത്തോളം വരുന്നയാളുകൾ അനുഭവിച്ചുകൊണ്ടിരിക്കുന്നത്. സമഗ്ര ആരോഗ്യ ഇടപെടൽ വകുപ്പ് വിസ്മരിച്ചു. ജനകീയ ആരോഗ്യപ്രവർത്തനത്തെ വകുപ്പ് തള്ളിക്കളഞ്ഞു. കേരളത്തിന്റെ ആരോഗ്യമേഖലയിലെ ചരിത്രത്തോടുള്ള അവഹേളനമാണിത്. മേൽപ്പറഞ്ഞ വൈറസ്സുകളും ബാക്ടീരിയകളും പണ്ടേയുണ്ട്. ഇപ്പോഴുമുണ്ട്. പുതിയൊരു സ്പീഷീസും ഭൂമിയിൽ ഉണ്ടാകുന്നില്ല. പക്ഷേ മനുഷ്യനെ ആക്രമിക്കുന്നവരുടെ എണ്ണം കൂടുന്നു. എന്താണ് കാരണം. സാംക്രമിക രോഗങ്ങൾ കുറഞ്ഞുവന്നിരുന്ന ഒരു ജനതയിൽ ആന്റിബോഡീസ് കുറവായതുകൊണ്ട് പ്രതിരോധശേഷി കുറഞ്ഞിരിക്കും. അപ്പോൾ വൈറൽ-ബാക്ടീരിയൽ അറ്റാക്ക് കൂടും. അതിന്റെ പ്രതിവിധി സമഗ്രമായ പ്രതിരോധമാണ്. അതാണ് ആരോഗ്യ വകുപ്പിന്റെ പ്രഥമ ചുമതലയെന്ന് നാം തിരിച്ചറിയേണ്ടതുണ്ട്. കാലാവസ്ഥ വ്യതിയാനം കൊണ്ടും അന്തരീക്ഷ ജലമലിനീകരണം കൊണ്ടും മനുഷ്യരിലെയും മനുഷ്യ-ഇതര ജീവജാലങ്ങളുടെയും പ്രതിരോധശേഷി കുറയുകയാണ്. അതുകൊണ്ടാണ് മനുഷ്യരെ വൈറസ്സുകളും ബാക്ടീരിയകളും ആക്രമിക്കുന്നത്. മനുഷ്യ ഇതര ജീവികളെയും വൈറസ്സുകളും ബാക്ടീരിയകളും ആക്രമിക്കുന്നു. അവയ്ക്ക് വരുന്ന രോഗം മനുഷ്യരിലേയ്ക്കും പകരുകയാണ്. അതാണ് കുരങ്ങുപനി, എലിപ്പനി, ചെള്ളുപനി, പക്ഷിപ്പനി, പന്നിപ്പനി എന്നുപറയുന്ന എഫീമറൽ പനി. എന്തുകൊണ്ടാണ് ജീവജാലങ്ങളിൽനിന്ന് രോഗം കൂടുതൽ പകരുന്നത് ; അതിന്റെ കാരണമാണ് ഞാൻ നേരത്തെ പറഞ്ഞത്. മൊത്തത്തിലുള്ള പ്രതിരോധശേഷിത്തകർച്ചയും ആരോഗ്യരംഗം മനസ്സിലാക്കേണ്ട വിഷയമാണ്.

<u>മി. സ്പീക്കർ</u> : യെസ്....പ്ലീസ്...പതിനാല് മിനിട്ടായി.

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u> : സർ, ഇക്കാര്യം തിരിച്ചറിഞ്ഞില്ലെങ്കിൽ കേരളത്തിൽ ഇനിയും ജീവികളിൽനിന്നും കൂടുതൽ രോഗം പകരുന്നതിനുള്ള സാദ്ധ്യതയുണ്ടാകും. ആവാസവ്യവസ്ഥയുടെ പ്രതിരോധശേഷി തകർച്ച എന്ന വിഷയം അഡ്രസ് ചെയ്യാത്ത ആരോഗ്യ വകുപ്പിന് ഇനി നിലനിൽക്കാൻ

കഴിയില്ല. മനുഷ്യൻ പ്രകൃതിയിൽനിന്നും അകലുന്നതുകൊണ്ടാണ് പ്രതിരോധശേഷി നഷ്ടപ്പെടുന്നത്. മനുഷ്യനെ പ്രകൃതിയോട് അടുപ്പിക്കുകയെന്നതാണ് ആരോഗ്യ വകുപ്പിന്റെ ചുമതല. ഈ പ്രശ്നം ആരോഗ്യ വകുപ്പ് അഡ്രസ് ചെയ്തിട്ടുണ്ടോ ; അലോപ്പതി ഡോക്ടർമാർ, മൃഗസംരക്ഷണ - പക്ഷി ഗവേഷണവിദഗ്ദ്ധരുമായി ചർച്ച ചെയ്തിട്ടുണ്ടോ ; ഇല്ല. ചെടികളിലും കായ്കളിലും പഴങ്ങളിലുമുള്ള പോഷകഗുണങ്ങൾ കുറഞ്ഞുവരികയാണ്. അൽപ്പം ചെളിയുള്ള മണലിൽ മഞ്ഞ നിറത്തിലുള്ള ചിത്രശലഭങ്ങളെ കണ്ടിട്ടില്ലേ ; അവ തേനല്ല ഭക്ഷിക്കുന്നത്. ലവണങ്ങളാണ് അവ ഭക്ഷിക്കുന്നത്. ആ ചിത്രശലഭങ്ങളെ കാണാനുണ്ടോ ;

മി. സ്പീക്കർ : പ്ലീസ് കൺക്ലൂഡ്. പതിനഞ്ച് മിനിട്ടായി. പ്ലീസ് കൺക്ലൂഡ്.

പ്രൊഫ. സി. രവീന്ദ്രനാഥ് : സർ, ഞാൻ നിർത്തണമെങ്കിൽ നിർത്താം. (ബഹളം)....കേരളം നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ചാണ് ഞാൻ പറയുന്നത്. ഈ ചിത്രശലഭങ്ങളെ കാണാനില്ലാത്തതും നമ്മുടെ നാട്ടിൽ ആദ്യമായി കണ്ട കാലാ-അസറും തമ്മിലുള്ള ബന്ധം ആരോഗ്യവകുപ്പ് പഠിച്ചിട്ടുണ്ടോ ; പഠിച്ചിട്ടില്ലെങ്കിൽ സഭനിർത്തിവച്ച് ചർച്ച ചെയ്യണം. കാരണമെന്താണെന്ന് ഞങ്ങൾ പറഞ്ഞുതരാം. അന്തരീക്ഷത്തിൽനിന്നും നൈട്രജനെ വലിച്ചെടുത്ത് അമോണിയയാക്കി ചെടികൾക്ക് കൊടുക്കുന്നതും മൈക്രോ ഓർഗാനിസം നഷ്ടപ്പെടുന്നതും എഫീമറൽ അറ്റാക്കും തമ്മിലുള്ള ബന്ധം ആരോഗ്യ വകുപ്പ് പഠിച്ചിട്ടുണ്ടോ ; ചെണ്ടുമല്ലി പൂക്കൾ ഉണ്ടാക്കുന്ന ഹോർമോണുകൾ നിമാവിരകളുടെ പ്രവർത്തനം ഇല്ലാതാക്കുമെന്നും അവയുടെ പ്രവർത്തനം ഇല്ലാതായാൽ സസ്യഭുക്കുകളായ പക്ഷിമൃഗാദികൾക്ക് പ്രതിരോധശേഷി കുറയുമെന്നും അവ വൈറൽ അറ്റാക്കിന് വിധേയമാകുമെന്നും പഠിച്ചിട്ടുണ്ടോ; ഇതൊക്ക ആരോഗ്യവകുപ്പ് പഠിക്കാനുള്ള കാര്യങ്ങളാണ്.

മി. സ്പീക്കർ : യെസ്..പ്ലീസ് കൺക്ലൂഡ്...പതിനാറ് മിനിട്ടായി.

പ്രൊഫ. സി. രവീന്ദ്രനാഥ് : സർ, ആരോഗ്യ വകുപ്പ് പഠിക്കാനുള്ള കാര്യങ്ങളാണ് പറയുന്നത്. ഒരുപാട് വിഷയങ്ങളുണ്ട്. ഇതെല്ലാം പ്രതിരോധ പ്രവർത്തനങ്ങളിൽ കേരളം പുറകോട്ട് പോകുന്നതാണ് കാണിക്കുന്നത്. ഇതിന്റെ ഭാഗമായി മറ്റൊരു പ്രധാനപ്രശ്നം കൂടിയുണ്ട്. നമ്മുടെ സംസ്ഥാന സർക്കാർ തുടരുന്ന സാമ്പത്തിക നയങ്ങൾ- Neo liberal പോളിസി തുടരുന്ന സർക്കാർ അതിൽനിന്ന് പിൻവലിയുന്നതിനാൽ പൊതുനിക്ഷേപം കുറയുകയാണ്. അതുകൊണ്ട് അസമത്വം വല്ലാതെ വർദ്ധിക്കുന്നു. അസമത്വവും രോഗപ്രതിരോധവും രോഗാതുരതയുമായി ബന്ധമുണ്ടെന്ന് ആരോഗ്യ വകുപ്പ് പഠിച്ചിട്ടുണ്ടോ ; വളരെ സമഗ്രമായ

LIBRARY ARCHIVES Kerala Legislative Assembly

ഇടപെടൽ ആവശ്യമുള്ള ഒരു വകപ്പ് വളരെ ലാഘവബുദ്ധിയോടുകൂടി പ്രശ്നങ്ങളെ നേരിടുകയാണ്. അതിനിടയ്ക്ക് ഇല്ലാത്ത പുതിയ മെഡിക്കൽ കോളേജുകളുടെ പ്രഖ്യാപനവുമുണ്ട്. ഞാൻ അവസാനിപ്പിക്കുന്നു. മെഡിക്കൽ കോളേജുകൾ പുതിയതായി പ്രഖ്യാപിക്കുന്നു. ഉള്ളതെല്ലാം അപര്യാപ്തമായി കിടക്കുന്നു. ഗുണപരമായ മാറ്റമല്ല, ഗുണപരമായ മാറ്റങ്ങളാണ് ആരോഗ്യ വകപ്പ് സ്വീകരിക്കേണ്ടത്. ഗുണപരമായ മാറ്റങ്ങൾക്ക് എന്തെല്ലാം വേണമെന്ന് ഈ സഭ ആഴത്തിൽ ചർച്ച ചെയ്യണം. അതുകൊണ്ടാണ് ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞങ്ങൾ ആവശ്യപ്പെടുന്നത്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) : സർ, ഇവിടെ ബഹുമാനപ്പെട്ട സി. രവീന്ദ്രനാഥ് ആരോഗ്യ വകുപ്പ് ഏറ്റെടുക്കേണ്ട ചില നിർദ്ദേശങ്ങളെക്കുറിച്ച് അദ്ദേഹത്തിന്റെ പ്രസംഗത്തിന്റെ അവസാന ഭാഗത്ത് സൂചിപ്പിച്ചു. രോഗങ്ങൾ പകരുന്നതുമായി ബന്ധപ്പെട്ട്, പ്രത്യേകിച്ച് ജന്തുജന്യരോഗങ്ങൾ വരുന്നതുമായി ബന്ധപ്പെട്ട് നമുക്ക് എന്തുചെയ്യാൻ കഴിയുമെന്നുള്ളതിനെക്കുറിച്ച് തീർച്ചയായും അദ്ദേഹവുമായി സംസാരിക്കുന്നതാണ്. ഞാൻ നേരത്തേ സൂചിപ്പിച്ചതുപോലെ നമ്മുടെ സംസ്ഥാനത്ത് പകർച്ചവ്യാധികൾ കഴിഞ്ഞ വർഷം ഉണ്ടായിരുന്നതിനേക്കാൾ കുറവാണ്. അതൊരു ന്യായമല്ല. 13,45,000 പേർക്കാണ് പനിയുള്ളതായി കഴിഞ്ഞ വർഷം ഇതേ സമയത്ത് റിപ്പോർട്ട് ചെയ്തത്. പക്ഷേ ഈ വർഷം 11,55,340 കേസ്സുകളാണ് റിപ്പോർട്ട് ചെയ്തത്. ഇത് സംസ്ഥാനത്തെ ആരോഗ്യ വകുപ്പും മറ്റ് അനുബന്ധ വകുപ്പുകളും നടത്തിയിട്ടുള്ള ശക്തമായിട്ടുള്ള ഇടപെടലുകൾ കൊണ്ടുമാത്രമാണ്. ആരോഗ്യ വകുപ്പ് ചികിൽസയ്ക്കുവേണ്ടി മാത്രമല്ല പ്രതിരോധപ്രവർത്തനങ്ങൾക്കുവേണ്ടി ശക്തമായ ഇടപെടൽ ജനുവരി മാസം മുതലേ എടുത്തതിന്റെ ഭാഗമായിട്ടാണ് ഇത്രയധികം പനി/പകർച്ചവ്യാധികൾ പിടിച്ചുനിർത്താൻ കഴിഞ്ഞത്. ഇപ്പോൾ മറ്റ് പ്രദേശങ്ങളിൽനിന്നും പല പനികളും ഇവിടെ എത്തുന്നുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് എച്ച്1 എൻ1, കാലാ അസർ, മലമ്പനി എന്നിവയാണ്. ഇതുപോലുള്ള പനി കാണുന്ന ജില്ലകളിൽ ഡി.എം.ഒ.-യ്ക്ക് ഉപരിയായി അഡീഷണൽ ഡയറക്ടർ അല്ലെങ്കിൽ ഡെപ്യൂട്ടി ഡയറക്ടറുടെ നേതൃത്വത്തിൽ ഓരോ ജില്ലകളിലും പ്രത്യേക സാഹചര്യങ്ങൾ വിലയിരുത്തുവാനും നടപടികൾ സ്വീകരിക്കുവാനും നിർദ്ദേശം കൊടുക്കുകയും ആവശ്യമായ ഫണ്ട് എല്ലാസ്ഥലങ്ങളിലും നൽകുകയും ചെയ്തിട്ടുണ്ട്. പ്രധാനമായും അദ്ദേഹം ഇവിടെ ചൂണ്ടിക്കാണിച്ച ഒന്നുരണ്ടുകാര്യങ്ങളുണ്ട്. പ്രതിരോധപ്രവർത്തനങ്ങൾക്കാണ് ഏറ്റവും കൂടുതൽ

LIBRARY ARCHIVES Kerala Legislative Assembly

മുൻഗണന കൊടുക്കുന്നത്. ആരോഗ്യ വകുപ്പിനെ സംബന്ധിച്ചിടത്തോളം ആശുപത്രിയിൽ രോഗികൾ വന്നാൽ നല്ല ചികിൽസ ലഭ്യമാക്കണം, ഡോക്ടർമാരുടെ സേവനം ലഭ്യമാക്കണം, മരുന്ന് ലഭ്യമാക്കണം ശരി തന്നെയാണ്. മറ്റ് ഡിപ്പാർട്ടുമെന്റുകളുടെ സഹകരണത്തോടുകൂടി മാത്രമേ ഈ പ്രവർത്തനങ്ങൾ നമുക്ക് വിജയിപ്പിക്കാൻ കഴിയുകയുള്ളൂ. പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളുടെ പ്രവർത്തനം കൂടുതൽ ശക്തമാക്കുന്നതിന്റെ ഭാഗമായി, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ ഇരുപത്തിയഞ്ചോളം പഞ്ചായത്തുകളിൽ പ്രൈമറി ഹെൽത്ത് സെന്ററുകൾ ഇല്ലായിരുന്നു. പ്രൈമറി ഹെൽത്ത് സെന്ററുകളുടെ പ്രവർത്തനം എന്താണെന്ന് വച്ചാൽ രാവിലെ രോഗികളെ ചികിൽസിക്കുക, അവിടത്തെ ഡോക്ടർമാരുടെയും ആരോഗ്യപ്രവർത്തകരുടെയും നേതൃത്വത്തിൽ കമ്മ്യൂണിറ്റി ബെയ്സായിട്ടുള്ള പ്രവർത്തനങ്ങൾ നടത്തുക എന്നിവയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 432 പോസ്റ്റ് ക്രിയേറ്റ് ചെയ്ത് 25 പഞ്ചായത്തുകളിലും പ്രൈമറി ഹെൽത്ത് സെന്ററുകൾ സ്ഥാപിച്ചു. അതിന്റെ യടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങളാണ് ഓരോ മേഖലയിലും ഏറ്റെടുത്തുകൊണ്ട് മുന്നോട്ടുപോകുന്നത്. ആശാവർക്കേഴ്സിന്റെ ഇതുവരെയുള്ള എല്ലാ ഡ്യൂസും തീർത്തുകൊടുക്കുകയും അവർക്ക് ഇൻഷ്വറൻസ് പദ്ധതി ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. അദ്ദേഹം പറഞ്ഞ പോയിന്റിന് ഞാൻ മറുപടി പറയുകയാണ്. പ്രൈമറി തലത്തിലുള്ള പ്രവർത്തനങ്ങൾ വളരെ ശക്തമായി മുന്നോട്ടുകൊണ്ടുപോകുകയാണ്. .....(ബഹളം).....

<u>മി. സ്പീക്കർ</u> : പ്ലീസ്...പ്ലീസ്...ബഹുമാനപ്പെട്ട മിനിസ്റ്റർ, ഒന്ന് ശ്രദ്ധിക്കണം.

<u>ശ്രീ. ജി. സുധാകരൻ</u> : സർ, പ്രതിപക്ഷവും ഭരണകക്ഷിയും കേൾക്കാൻ വേണ്ടിയാണല്ലോ മറുപടി പറയുന്നത്. അവിടെ ഒരു ചന്ത കണക്ക് സ്പീക്കർക്ക് നേരെ പുറം തിരിഞ്ഞുനിൽക്കുകയാണ്. ഇത് ശരിയാണോ ?

<u>മി. സ്പീക്കർ</u> : അടിയന്തരപ്രമേയ ചർച്ചയാണ്. അടിയന്തരപ്രമേയത്തിന്റെ അവതരണാനുമതിക്കുള്ള മറുപടി പറയുകയാണ്. ബഹുമാനപ്പെട്ട അംഗങ്ങൾ സീറ്റിലിരിക്കണം. ഇത് അസംബ്ലിയാണ്. കുറച്ചുകൂടി ശ്രദ്ധിക്കണം.

10.00 A.M]

<u>ശ്രീ. വി. എസ്. ശിവകുമാർ</u> : സർ, പ്രൈമറി ഹെൽത്ത് സെന്ററുകൾ വളരെ കാര്യക്ഷമമായി പ്രതിരോധ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നുണ്ട്. ഓരോ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

വാർഡിലും ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് 25,000 രൂപ വീതം നൽകുമെന്ന് പറഞ്ഞതിൽ ഒരു രൂപപോലും നൽകിയിട്ടില്ലെന്ന് അദ്ദേഹം പറയുകയുണ്ടായി. അത് ശരിയല്ല. ഓരോ വാർഡിനും 10,000 രൂപ ആരോഗ്യ വകപ്പും 10,000 രൂപ ശുചിത്വമിഷനും നൽകുന്നുണ്ട്. 5,000 രൂപ പഞ്ചായത്തുകളുടെ തനത് ഫണ്ടിൽ നിന്നുമുള്ളതാണ്. ഇങ്ങനെ 25,000 രൂപ ഓരോ വാർഡിനും കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. ആരോഗ്യവകപ്പ് 19,230 വാർഡുകളിൽ 10,000 രൂപ വീതം 19.23 കോടി രൂപ കൊടുത്തു കഴിഞ്ഞു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തനത് ഫണ്ടിൽനിന്നും 5,000 രൂപ ചെലവാക്കുന്നതിന് അനുമതി കൊടുത്തിട്ടുണ്ട്. മുനിസിപ്പൽ/കോർപ്പറേഷൻ മേഖലകളിൽ 20,000 രൂപ വീതം കൊടുക്കുന്നതിന് ശുചിത്വമിഷൻ തീരുമാനമെടുത്തിട്ടുണ്ട്. ചില പഞ്ചായത്തുകൾ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് കൊടുക്കാത്തതുകൊണ്ടാണ് ആ തുക അവിടെ ലഭിക്കാത്തതെന്നാണ് എനിക്ക് ലഭിച്ചിട്ടുള്ള വിവരം. യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് കൊടുത്താൽ ഉടൻതന്നെ തുക നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

<u>ശ്രീ. മാത്യു റ്റി. തോമസ്</u> : സർ, ബഹുമാനപ്പെട്ട കെ. ശിവദാസൻ നായർക്ക് അറിയാവുന്ന കാര്യമാണ്, കഴിഞ്ഞ പത്തനംതിട്ട ഡി.ഡി.സി.യിൽ ഈ വിഷയം ഉന്നയിച്ചപ്പോൾ ആരോഗ്യ വകപ്പ് ഉദ്യോഗസ്ഥർ നൽകിയ മറുപടി, ഞങ്ങൾക്ക് ആവശ്യമായ ഫണ്ട് ലഭ്യമായിട്ടില്ല, അതുകൊണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തനത് ഫണ്ടിൽനിന്നും ചെലവാക്കിക്കോളൂ പിന്നീട് തന്നുകൊള്ളാം എന്നാണ് പറഞ്ഞിരിക്കുന്നതെന്നാണ്. ശ്രീ. കെ. ശിവദാസൻ നായർ സാക്ഷിയാണ്. ഇതാണ് എല്ലാ സ്ഥലത്തും നടന്നിരിക്കുന്നത്. വാർഡുതല സാനിട്ടേഷൻ കമ്മിറ്റിക്ക് ഇത്തവണ എൻ.ആർ.എച്ച്.എം.ന്റെ ഫണ്ടോ ശുചിത്വമിഷന്റെ ഫണ്ടോ കിട്ടിയിട്ടില്ല. പഞ്ചായത്തുകൾ തനത് ഫണ്ടിൽ നിന്നും ചെലവാക്കിയാൽ പിന്നീട് തന്നുകൊള്ളാമെന്നാണ് അറിയിച്ചിരിക്കുന്നതെന്നാണ് ഡി.ഡി.സി. യോഗത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പറഞ്ഞിരിക്കുന്നത്.

<u>ശ്രീ. വി. എസ്. ശിവകുമാർ</u> : സർ, എൻ.ആർ.എച്ച്.എം.ന്റെ ഫണ്ട് ഇതിനോടകം വിതരണം ചെയ്തുകഴിഞ്ഞു. ശുചിത്വമിഷന്റെ ഫണ്ട് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് കൊടുക്കാത്തതുകൊണ്ട് പല സ്ഥലങ്ങളിലും ലഭ്യമായിട്ടില്ലായെന്നുള്ളത് പരിശോധിക്കാം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും 5,000 രൂപ

ചെലവഴിക്കുന്നതിനുവേണ്ടിയുള്ള ഓർഡർ കൊടുത്തിട്ടുണ്ട്. ഒരു വാർഡിൽ 25,000 രൂപയുടെ ശുചീകരണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിലേയ്ക്കുവേണ്ടിയുള്ള നടപടികളാരംഭിച്ചിട്ടുണ്ട്. അത് ഫലപ്രദമായി നടക്കുന്നുണ്ട്. മരുന്നിന്റെ കാര്യം ഇവിടെ സൂചിപ്പിച്ചു. മഴക്കാലത്ത് പകർച്ചവ്യാധികൾ ഉണ്ടാകുമെന്നുള്ളത് മുന്നിൽക്കണ്ട് മാർച്ച് മാസത്തിൽത്തന്നെ ഈ പ്രശ്നത്തെക്കുറിച്ച് ഡി.എച്ച്.എസ്. ന്റെയും ഡി.എം.ഇ. യുടെയും നേതൃത്വത്തിൽ ഒരു വിദഗ്ധ സമിതിയെവച്ച് വിലയിരുത്തുകയും ഏകദേശം 75-ഓളം മരുന്നുകൾ ആവശ്യമുണ്ടെന്ന് കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ വിവിധ വശങ്ങളെക്കുറിച്ച് പരിശോധിച്ച് മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മാർച്ച് മാസത്തിൽ തന്നെ 206 ഐറ്റം മരുന്നുകൾ 30 കോടി രൂപയ്ക്ക് വാങ്ങി എല്ലാ ആശുപത്രികളിലും എത്തിച്ചിട്ടുണ്ട്. ഏതെങ്കിലും ആശുപത്രിയിൽ പകർച്ചവ്യാധിക്ക് മരുന്നില്ലെന്ന് പറഞ്ഞാൽ അവിടെ ഇന്നുതന്നെ മരുന്നെത്തിക്കാൻ തയ്യാറാണ്. മരുന്നുകൾ എല്ലാ ഗോഡൗണുകളിലുമുണ്ട്. എച്ച്1 എൻ1 വ്യാപകമായി കാണുന്നുണ്ട്. അതിന് 395000 ഒസെൾട്ടാമിവിർ (oseltamivir) ക്യാപ്സ്യൂൾസ് സൗജന്യമായി നൽകുന്നതിന് വിതരണം ചെയ്തിട്ടുണ്ട്. അൻപതോളം ആളുകൾ ചികിത്സ ലഭ്യമാകാതെ മരണപ്പെട്ടുവെന്ന് അടിയന്തരപ്രമേയത്തിൽ പറഞ്ഞതിന് കാരണമുണ്ട്. ആളുകൾ ചികിത്സയ്ക്ക് സർക്കാർ ആശുപത്രികളിൽ പോകാതെ സ്വകാര്യ ആശുപത്രികളിൽ പോകും. സ്വകാര്യ ആശുപത്രികളിൽ ഈ മരുന്ന് ഇല്ലാതിരുന്ന ഒരു സാഹചര്യം ആദ്യമുണ്ടായിരുന്നു. അതുകൊണ്ട് സ്വകാര്യ ആശുപത്രികൾക്കും ഈ മരുന്ന് ലഭ്യമാകുന്നതിലേയ്ക്കുവേണ്ടി 227000 ക്യാപ്സ്യൂൾസ് വാങ്ങി ഇവിടത്തെ മെഡിക്കൽ സ്റ്റോറുകളിലും കാരുണ്യാ ഫാർമസികളിലും കൊടുത്തിട്ടുണ്ട്. എച്ച്1 എൻ1-നുവേണ്ടി ആവശ്യമായ മരുന്നുകൾ സജ്ജീകരിച്ചിട്ടുണ്ട്. സ്വൈൻ ടൈഫസിനും (ചെള്ളുപനി), ലെപ്റ്റോസ്പൈറോസിസിനും (എലിപ്പനി) ആവശ്യമായ ഡോക്സിസൈക്ലിൻ (doxycycline) ടാബ്ലറ്റുകൾ ഇതിനകം വിതരണംചെയ്തുകഴിഞ്ഞു. ഏത് മരുന്നാണ് ഇല്ലാത്തതെന്ന് പറഞ്ഞാൽ, ആ മരുന്ന് എത്തിക്കുവാൻ തയ്യാറാണ്. ഏകദേശം 206 ഐറ്റം മരുന്നുകളാണ് സംസ്ഥാനത്ത് എത്തിച്ചിരിക്കുന്നത്. മരുന്നില്ലായെന്ന് പ്രസംഗിച്ചാൽ മതിയോ ? പ്രൊഫ . സി. രവീന്ദ്രനാഥിന്റെ സ്ഥലത്തുള്ള എതാശുപത്രിയിലാണ് പകർച്ചവ്യാധിക്കുള്ള മരുന്നില്ലാത്തതെന്ന് പറയട്ടെ, മരുന്ന് എത്തിക്കാം. മാർച്ച് മാസത്തിൽ മരുന്ന് വാങ്ങിക്കൊടുത്തതാണ്.

ഡോക്ടർമാരുടെ കാര്യം പറഞ്ഞപ്പോൾ ഇവിടെ 1961-ലെ സ്റ്റാഫ് പാറ്റേൺ ആണെന്ന് അദ്ദേഹം പറഞ്ഞു. 1961-ലെ സ്റ്റാഫ് പാറ്റേൺ തന്നെയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം മെഡിക്കൽ കോളേജുകൾ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാപിക്കുക മാത്രമല്ല, ആരോഗ്യ വകുപ്പിൽ ആകെ 4799 പോസ്റ്റുകൾ ക്രിയേറ്റ് ചെയ്തു. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് 29 പി.എച്ച്.സി.കൾ അപ്ഗ്രേഡ് ചെയ്തു. പോസ്റ്റ് ക്രിയേറ്റ് ചെയ്യാതെ വെറുതെ ബോർഡ് മാത്രം മാറ്റിവച്ചു. 29 പി.എച്ച്.സി.കൾ അപ്ഗ്രേഡ് ചെയ്തപ്പോൾ 73 പോസ്റ്റാണ് അന്ന് ക്രിയേറ്റ് ചെയ്തത്. ഈ ഗവൺമെന്റ് 27 ആശുപത്രികൾ അപ്ഗ്രേഡ് ചെയ്ത് 432 പോസ്റ്റുകൾ അവിടെ ക്രിയേറ്റ് ചെയ്തു. ആരോഗ്യ വകുപ്പിൽ 4799 പോസ്റ്റുകളും ഡി.എച്ച്.എസ്-ൽ 2224 പോസ്റ്റുകളും ഡി.എം.ഇ.യിൽ - 1471 പോസ്റ്റുകളും ക്രിയേറ്റ് ചെയ്തു. പുതിയ മെഡിക്കൽ കോളേജുകളും പുതിയ ദന്തൽ കോളേജുകളും തുടങ്ങുകയും 117 പോസ്റ്റുകൾ ക്രിയേറ്റ് ചെയ്യുകയും ചെയ്തു. ഒരു കാലഘട്ടത്തിലുമില്ലാത്തത്ര പോസ്റ്റുകൾ ക്രിയേറ്റ് ചെയ്തു. ഘട്ടംഘട്ടമായി 1961-ലെ സ്റ്റാഫ് പാറ്റേൺ മാറ്റിക്കൊണ്ടുവരികയാണ്. ആശുപത്രികളിൽ ഡോക്ടർമാരില്ലെന്ന് പറഞ്ഞു. കേരളത്തിൽ ഇന്ന് ആരോഗ്യ വകുപ്പിൽ 5345 ഡോക്ടർമാരാണ് നിലവിലുള്ളത്. അഡ്മിനിസ്ട്രേറ്റീവ് കേഡറിൽ 235 ഡോക്ടർമാരിൽ 40 വേക്കൻസികളാണുള്ളത്. ജനറൽ കേഡറിൽ (അസിസ്റ്റന്റ് സർജൻ, സിവിൽ സർജൻ) 242 വേക്കൻസിയും സ്പെഷ്യാലിറ്റി കേഡറിൽ 698 വേക്കൻസിയുമുണ്ട്. പക്ഷെ, സ്റ്റാഫ് പാറ്റേൺ അനുസരിച്ച് 5345 ഡോക്ടർമാർ ആവശ്യമുള്ളിടത്ത് എൻ.ആർ.എച്ച്.എം.-ൽ നിന്നും കൂടുതലായി 796 ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട്. 159 പി.ജി. ഡോക്ടർമാർ ഈ 15-ാം തീയതിക്കുള്ളിൽ വരും, അവരെ തീർച്ചയായും നിയമിക്കുകയും ചെയ്യും. 533 ഡോക്ടർമാരുടെ കുറവാണ് ഇവിടെയുള്ളത്. പക്ഷെ എൻ.ആർ.എച്ച്.എം.-ൽ നിന്നും 796 ഡോക്ടർമാരെയും അഡ്ഹോക്കായി 165 സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെയും നിയമിച്ചിട്ടുണ്ട്. അങ്ങനെ 533 വേക്കൻസികളുള്ളിടത്ത് 961 ഡോക്ടർമാർ ഇപ്പോൾ ഉണ്ട്. 428 ഡോക്ടർമാർ കൂടുതലായി ജോലി ചെയ്യുന്നു. പകർച്ച വ്യാധികൾ പടർന്നുപിടിക്കുന്ന പ്രത്യേക സാഹചര്യം കണക്കിലെടുത്ത് 702 സ്റ്റാഫിനെ ഡി.എച്ച്.എസ്.-ലും 171 സ്റ്റാഫിനെ ഡി.എം.ഇ.യിലും മൂന്ന് മാസത്തേയ്ക്കുകൂടി എക്സ്റ്റന്റ് ചെയ്ത് നിയമിച്ചു. ഇവിടെ ഒരു യാഥാർത്ഥ്യമുണ്ട്, 1961-ലെ സ്റ്റാഫ് പാറ്റേൺ ആണ്. 100 ഒ.പി. ഉണ്ടായിരുന്ന സ്ഥാനത്ത് ഇന്ന് 300-ഉം 400-ഉം ഉണ്ട്. ഡോക്ടർമാരുടെ കുറവുണ്ട്. അത് ശരിതന്നെയാണ്. അതുകൊണ്ടാണ് എൻ.ആർ.എച്ച്.എം. വഴിയും താൽക്കാലികമായും ജീവനക്കാരെ നിയമിക്കുന്നത്. ജൂലൈ 1-ാം തീയതി മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ യോഗം ചേർന്ന് ഇപ്പോഴത്തെ അടിയന്തര സാഹചര്യം തരണം ചെയ്യുന്നതിലേയ്ക്കുവേണ്ടി 230 ഡോക്ടർമാരെയും 88 സ്റ്റാഫ് നേഴ്സിനേയും 86 ഫാർമസിസ്റ്റിനെയുംകൂടി അടിയന്തരമായി നിയമിക്കാനുള്ള തീരുമാനമെടുത്തിട്ടുണ്ട്.

അത് ഉടൻതന്നെ നിയമിക്കുമെന്നുള്ള കാര്യംകൂടി ഞാൻ ഈ അവസരത്തിൽ അറിയിക്കാൻ ആഗ്രഹിക്കുകയാണ്.

ലാബിന്റെ കാര്യം, കേരളത്തിൽ എല്ലാ സി.എച്ച്.സി.-കളിലും ലാബ് സൗകര്യമുണ്ട്. കൂടാതെ 250 പ്രൈമറി ഹെൽത്ത് സെന്ററുകളിൽ ലബോറട്ടറി സൗകര്യങ്ങൾ തുടങ്ങാൻ തീരുമാനിച്ചു. 125 സ്ഥലങ്ങളിൽ തുടങ്ങി. കേരളത്തിലെ എല്ലാ പ്രൈമറി ഹെൽത്ത് സെന്ററുകളിലും ലബോറട്ടറി സംവിധാനങ്ങൾ തുടങ്ങുന്നതിനുവേണ്ടിയുള്ള നടപടികളുമായി മുന്നോട്ടുപോവുകയാണ്. ഇതെല്ലാം ശരിയായിയെന്നുള്ള അർത്ഥത്തിലല്ല ഞാൻ പറയുന്നത്. ഈ കാര്യങ്ങളെല്ലാം ഗവൺമെന്റ് ഏറ്റെടുത്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണെന്നുള്ള കാര്യമാണ് ഞാനിവിടെ സൂചിപ്പിക്കുന്നത്.

ഫണ്ടിന്റെ കാര്യത്തെക്കുറിച്ച് സൂചിപ്പിക്കാനുള്ളത്, പകർച്ചവ്യാധി നിയന്ത്രണത്തിന് പ്ലാൻ ഫണ്ടിൽനിന്നും 2.39 കോടി രൂപയും ജലജന്യ രോഗങ്ങൾ നിയന്ത്രിക്കുന്നതിന് 50 ലക്ഷം രൂപയും, സംയോജിത രോഗനിരീക്ഷണ പരിപാടിക്കുവേണ്ടി ആർ.ഒ.പി. പ്രകാരമുള്ള 32 ലക്ഷം രൂപയും ദേശീയ പ്രാണിജന്യ രോഗനിയന്ത്രണ പരിപാടിയുടെ ഭാഗമായി 1.76 കോടി രൂപയും വിവിധ ജില്ലകളിൽ വിതരണം ചെയ്തിട്ടുണ്ട്. അതുപോലെ കെ.എഫ്.ഡി.(Kyasanur Forest Disease) നിയന്ത്രണത്തിന് 25 ലക്ഷം രൂപ ആരോഗ്യവകുപ്പ് അനുവദിച്ചിട്ടുണ്ട്. ഓരോ ജില്ലകളിലും ഇതിന്റെ പ്രവർത്തനങ്ങൾ ഇഫക്ടീവായി നടന്നുകൊണ്ടിരിക്കുകയാണ്.

മറ്റൊരു കാര്യം, സംസ്ഥാനത്ത് ചില പകർച്ചവ്യാധികൾ അന്യസംസ്ഥാന തൊഴിലാളി ക്യാമ്പുകളിൽ പടർന്നുപിടിക്കുന്ന സാഹചര്യം മനസ്സിലാക്കി അതിനുവേണ്ടി ആരോഗ്യവകുപ്പ് 'സേഫ് കേരള പദ്ധതി' ആവിഷ്കരിച്ചു. സേഫ് കേരള പദ്ധതിയുടെ ഭാഗമായി ഫെബ്രുവരി മാസത്തിൽ ക്ലിനിക്കൽ ലാബുകളിലും ഏപ്രിൽ മാസത്തിൽ ഭക്ഷണ ശാലകളിലും, മേയ് മാസത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും അന്യസംസ്ഥാന തൊഴിലാളി ക്യാമ്പുകളിലും പരിശോധന നടത്തി. അതുകഴിഞ്ഞ് കഴിഞ്ഞ മാസം 29-ാം തീയതിയും ഈ മാസം 5-ാം തീയതിയും സംസ്ഥാന വ്യാപകമായി 152608 വീടുകളും സ്ഥാപനങ്ങളും പരിശോധിച്ചു. ഇതിന്റെ ഭാഗമായി 9651 വ്യക്തിഗത സ്ഥാപനങ്ങൾക്ക് നോട്ടീസ് കൊടുക്കുകയും 132-ഓളം സ്ഥാപനങ്ങൾ താൽക്കാലികമായി അടച്ചുപൂട്ടുകയും ചെയ്തിട്ടുണ്ട്. അന്യസംസ്ഥാന തൊഴിലാളികളുടെ ക്യാമ്പുകൾ മാരകരോഗങ്ങളുടെ

LIBRARY ARCHIVES Kerala Legislative Assembly

കേന്ദ്രമായി മാറിയിരിക്കുകയാണ്. അതിനുവേണ്ടി അതിഗൗരവതരമായ പ്രവർത്തനങ്ങൾ ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുകയാണ്. എമിഗ്രന്റ്സ് കോളനികളിൽ സ്ക്രീനിംഗ് നടത്തുന്നതിനായി വലിയൊരു കർമ്മ പദ്ധതി ആവിഷ്കരിക്കുകയും സംസ്ഥാനത്തെ പഞ്ചായത്ത്, നഗരകാര്യം, തൊഴിൽ വകുപ്പുകളുമായി ചേർന്നുകൊണ്ട് ലേബർ ക്യാമ്പുകളിൽ ജൂൺ മാസം 28-ാം തീയതിയും ജൂലൈ മാസം 5-ാം തീയതിയും മെഡിക്കൽ ക്യാമ്പും ബോധവൽക്കരണവും നടത്തി 71419 പേരെ പരിശോധിച്ചു. ഇതിൽ 7286 പേർക്ക് പനിയുണ്ടായിരുന്നു. 20998 പേരുടെ രക്തസാമ്പിളുകൾ മലമ്പനി പരിശോധനയ്ക്കുവിധേയമാക്കി. 368 പേർക്ക് ക്ഷയരോഗവും 206 പേർക്ക് മന്ത്രോഗവും 70 പേർക്ക് ലെപ്രസിയും 112 പേർക്ക് H1N1-ഉം ഉണ്ടെന്ന് സംശയിക്കുന്നു. അവരുടെ രക്തസാമ്പിളുകൾ പരിശോധനയ്ക്ക് അയച്ചിരിക്കുകയാണ്. 2192 പേർക്ക് ത്വക്ക് രോഗവും കണ്ടെത്തി. ഇത് വലിയൊരു പ്രശ്നമാണ്. അന്യസംസ്ഥാനങ്ങളിൽനിന്നും എത്തിച്ചേരുന്ന തൊഴിലാളികൾക്ക് ആരോഗ്യ സംരക്ഷണം കൊടുക്കുന്നതിനുവേണ്ടിയുള്ള 'ജാഗ്രത' എന്നൊരു പദ്ധതിക്ക് സംസ്ഥാന ഗവൺമെന്റ് രൂപം കൊടുത്തിരിക്കുകയാണ്. ലേബർ മിനിസ്റ്ററുമായി സംസാരിച്ചു. ആരോഗ്യ പരിപാലന രംഗത്ത്, രോഗ പ്രതിരോധത്തിലേയ്ക്കുവേണ്ടി 25 ലക്ഷത്തോളം വരുന്ന കേരളത്തിലെ അന്യസംസ്ഥാന തൊഴിലാളികളെ മുഴുവൻ സ്ക്രീനിംഗ് നടത്തി. അന്യസംസ്ഥാന തൊഴിലാളി ക്യാമ്പുകളിൽനിന്നുണ്ടാകുന്ന പകർച്ചപ്പനികളും മറ്റു പകർച്ചവ്യാധികളും തടയുന്നതിനുവേണ്ടിയുള്ള സമഗ്രമായൊരു പദ്ധതിക്ക് ഗവൺമെന്റ് രൂപം കൊടുക്കുകയാണ്. പകർച്ചവ്യാധികൾ വ്യാപിക്കുന്നത് തടയുന്നതിനായി സേഫ് കേരള പദ്ധതി ശക്തിപ്പെടുത്തുന്നതാണ്. ആവശ്യമായിട്ടുള്ള മരുന്നുകളും അടിസ്ഥാന സൗകര്യങ്ങളുമെല്ലാം ഉറപ്പുവരുത്തിക്കൊണ്ട് ഇക്കാര്യത്തിൽ ഗവൺമെന്റിന് ചെയ്യാൻ കഴിയുന്ന, മനുഷ്യന് ഏറ്റെടുക്കാൻ കഴിയുന്ന എല്ലാ പ്രവർത്തനങ്ങളും ഗവൺമെന്റ് ചെയ്തുകൊണ്ടിരിക്കുകയാണ്. ഇതിനെസംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ 4 പ്രാവശ്യം വിവിധ ഡിപ്പാർട്ടുമെന്റുകളുടെ യോഗം വിളിച്ചു. ഞാൻ ആഴ്ചയിൽ രണ്ടുമൂന്ന് പ്രാവശ്യം ഡയറക്ടറേറ്റിൽ കേരളത്തിലെ എല്ലാ മെഡിക്കൽ ഓഫീസർമാരുമായും ആശുപത്രികളുമായും ബന്ധപ്പെടുന്നുണ്ട്. എല്ലാ ജില്ലകളിലും ഒരു അഡീഷണൽ ഡയറക്ടർക്ക് ചുമതല കൊടുക്കുന്നുണ്ട്. അവിടെ ഒരു റാപ്പിഡ് റെസ്പോൺസ് ടീമിനെ ഏർപ്പെടുത്തിയിട്ടുണ്ട്. എവിടെയെങ്കിലും ഔട്ട്ബ്രേക്ക് ഉണ്ടായാൽ ആ പ്രദേശത്തെത്തി അടിയന്തരമായിട്ടുള്ള നടപടികൾ അപ്പോൾതന്നെ സ്വീകരിക്കുന്നുണ്ട്. ഇവിടെ കാലാ അസാർ എന്ന പനി വന്നു. അത് 2006-ലും

LIBRARY ARCHIVES Kerala Legislative Assembly

2011-ലും വന്നതാണ്. അത് ഇപ്പോഴുണ്ടായി. അവിടെ ഉദ്യോഗസ്ഥൻമാർ പോയി പരിശോധന നടത്തിയതിൽനിന്നും തേയ്ക്കാത്ത ചുമരുകളുടെ ഇടയിൽ പറ്റിയിരിക്കുന്ന ചില ഈച്ചകളാണ് രോഗം പകർത്തുന്നതെന്ന് മനസ്സിലാക്കി ആവശ്യമായിട്ടുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേരളത്തിൽ ഈ പനി മൂന്നുപേർക്കുണ്ട്. കൂടുതൽ ഭീഷണി നമുക്കുണ്ടാകുന്നില്ല. അതുപോലെതന്നെ കരുതുപനി പടർന്നുപിടിച്ച വയനാട് ഞാനും പട്ടികവർഗ്ഗക്ഷേമ വകുപ്പുമന്ത്രി ശ്രീമതി പി. കെ. ജയലക്ഷ്മിയുംകൂടി രണ്ടുപ്രാവശ്യം സന്ദർശിച്ചു. ഇതുസംബന്ധിച്ച് മറ്റു സംസ്ഥാനങ്ങളിലെ ബന്ധപ്പെട്ടവരുമായി ചർച്ച നടത്തി. അവസാനം എം.പി.യും എം.എൽ.എ.മാരുമൊക്കെ ഇടപെട്ടതിന്റെ പശ്ചാത്തലത്തിൽ അവിടത്തെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും ആവശ്യമായ കാര്യങ്ങൾ ചെയ്യുന്നതിനുമുള്ള നടപടികളെടുത്തിട്ടുണ്ട്. ആരോഗ്യ വകുപ്പ് 75 ലക്ഷം രൂപയും എസ്.ടി. ഡിപ്പാർട്ടുമെന്റ് 30 ലക്ഷം രൂപയും അനുവദിച്ചു. മൂവായിരത്തോളം ആളുകൾക്ക് അവിടെ വാക്സിൻ കൊടുത്തു. ആ വന പ്രദേശങ്ങൾ മുഴുവൻ ഞാൻ സഞ്ചരിച്ചു. അവിടെ മരണപ്പെട്ട മുഴുവൻ വീടുകളിലും പോയി. കോഴിക്കോട് മെഡിക്കൽ കോളേജിലും വയനാട് താലൂക്ക് ആശുപത്രിയിലും എല്ലാ സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. കൂടുതൽ ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. ഇന്നവിടെ കരുതുപനി നിയന്ത്രണവിധേയമാണ്.

കോഴിക്കോട് മെഡിക്കൽ കോളേജിൽ വൈറോളജി യൂണിറ്റ് തുടങ്ങുന്നതിനുവേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽത്തന്നെ യോഗം ചേർന്ന് നടപടികളെടുത്തിട്ടുണ്ട്. ഈ പ്രാവശ്യം H1N1 പനിയും മരണവും കേരളത്തിൽ ഉണ്ടായതിന്റെ 25 ഇരട്ടിയാണ് മറ്റ് സംസ്ഥാനങ്ങളിലുണ്ടായത്. നമുക്കത് നിയന്ത്രിച്ചുനിർത്താൻ കഴിഞ്ഞു. പരിമിതികൾക്കകത്തു നിന്നുകൊണ്ടാണെങ്കിലും കൂടുതൽ ഡോക്ടർമാരെ നിയമിച്ചും പകർച്ചപ്പനിക്കാവശ്യമായ മരുന്നുകൾ ലഭ്യമാക്കിയും ലാബ് ഉൾപ്പെടെയുള്ള മറ്റ് സൗകര്യങ്ങൾ ഏർപ്പെടുത്തിയും ഗവൺമെന്റ് ഏറ്റവും ഗൗരവത്തോടുകൂടി പകർച്ചപ്പനി നിയന്ത്രണ വിധേയമാക്കുന്നതിനുള്ള പരിശ്രമം നടത്തിയതുകൊണ്ടാണ് ഭീകരമായിട്ടുള്ള സാഹചര്യം മറ്റ് സ്റ്റേറ്റുകളിലുണ്ടായപ്പോഴും ഇവിടെ പിടിച്ചുനിർത്താൻ കഴിഞ്ഞത്. ഇവിടെ നടന്ന ചർച്ചകളുടെയും ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതിന്റെയും അടിസ്ഥാനത്തിൽ കൂടുതൽ ഗൗരവത്തോടുകൂടി പകർച്ചപ്പനി നേരിടുന്നതിനുള്ള നടപടികളുമായി ഈ ഗവൺമെന്റ് മുന്നോട്ടുപോകുമെന്ന് പറയാനാഗ്രഹിക്കുകയാണ്. ഇവിടെ ഉന്നയിച്ച വിഷയത്തിൽ ഗവൺമെന്റ് ഫലപ്രദമായ

LIBRARY ARCHIVES Kerala Legislative Assembly

നടപടിയെടുത്തിട്ടുള്ളതുകൊണ്ട് സഭനിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല എന്നാണ് എന്റെ അഭിപ്രായം.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്യുതാനന്ദൻ): സർ, കേരളത്തിലെ ജനങ്ങളെ വലിയതോതിൽ ഭീതിപ്പെടുത്തിക്കൊണ്ടിരിക്കുന്ന പനി ബാധയെക്കുറിച്ച് പറയുമ്പോൾ, തട്ടാമുട്ടി പറഞ്ഞ് പ്രശ്നം ലഘൂകരിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. ആരോഗ്യവകുപ്പിന്റെ മാപ്പർഹിക്കാത്ത അപരാധമല്ലേ വ്യാപകമായ പനിബാധയ്ക്ക് കാരണം? ഒരു കാര്യത്തിലും ഈ സർക്കാരിന് ദൂരക്കാഴ്ചയില്ല. ആരോഗ്യവകുപ്പിന്റെ പ്രവർത്തനത്തിലും ഇതുതന്നെയാണ് കാണുന്നത്. ആരോഗ്യവകുപ്പിലും ശ്രുഷ്കാന്തിയോടെ നടക്കുന്നത് അഴിമതി മാത്രമാണ്. ഡോക്ടർമാരുടെ സേവനം, നിയമനം, സ്ഥലം മാറ്റം, മരുന്ന് വാങ്ങൽ, മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ പ്രവർത്തനം, 108 ആംബുലൻസിന്റെ നടത്തിപ്പ് എന്നിവയൊന്നും അഴിമതി വിമുക്തമല്ല. കമിഴ്ന്നു വീണാൽ കാൽപ്പണം എന്ന ഉമ്മൻചാണ്ടി സർക്കാരിന്റെ ആപ്തവാക്യം ആരോഗ്യവകുപ്പ് നന്നായി പാലിക്കുന്നുണ്ട്. അഴിമതിക്കുള്ള പഴുതുകൾ മാത്രം അന്വേഷിച്ചു നടക്കുന്നതുകൊണ്ടല്ലേ ആരോഗ്യമേഖല ഇത്രയേറെ തകർന്നത്. മലയാളികളാരും ഇതേവരെ സ്വപ്നത്തിൽപോലും കേൾക്കാത്ത എത്രയെത്രതരം പനിയാണ് ഇവിടെ ഉണ്ടായിക്കൊണ്ടിരിക്കുന്നത്. പണ്ടൊക്കെ നമ്മൾ അഞ്ചാം പനി, സന്നിപാത ജ്വരം എന്നൊക്കെയേ കേട്ടിട്ടുള്ളൂ. ഉമ്മൻചാണ്ടി ഭരണം പൊടിപൊടിച്ചപ്പോൾ പനിയുടെ രൂപഭാവങ്ങൾ അപ്പാടെ മാറി. ഇപ്പോൾ ഡെങ്കിപ്പനി, എച്ച് 1 എൻ 1 പനി, വൈറൽ പനി, കരങ്ങു പനി, എലിപ്പനി, ചെള്ളുപനി, തക്കാളിപ്പനി, കരിമ്പനി തുടങ്ങി എന്തെല്ലാം തരത്തിലുള്ള പനികളാണ് ഈ ഉമ്മൻചാണ്ടി ഗവൺമെന്റിന്റെ കാലത്ത് പാവപ്പെട്ട മനുഷ്യരെ ആക്രമിച്ചുകൊണ്ടിരിക്കുന്നത്. ഉമ്മൻചാണ്ടി ഭരണം ഇങ്ങനെ തുടരുമ്പോൾ കേരളീയർക്ക് ഇനിയും പുതിയ ഇനം പനികളെ വരവേൽക്കേണ്ടതായിട്ടുവരും. കഴിഞ്ഞ മൂന്ന് നാല് ദിവസങ്ങൾക്കുള്ളിൽ ആയിരക്കണക്കിനാളുകളാണ് വിവിധ പനികൾക്ക് ചികിത്സതേടി ആശുപത്രികളിലെത്തിയിരിക്കുന്നത്. സർക്കാർ കണക്കനുസരിച്ച് തലസ്ഥാന ജില്ലയിൽ മാത്രം അയ്യായിരത്തിലേറെപ്പേർ വിവിധതരം പനി ബാധിച്ച് ആശുപത്രികളിൽ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

എത്തിയിട്ടുണ്ട്. സ്വകാര്യ ആശുപത്രികളിൽ പ്രവേശിപ്പിക്കപ്പെട്ടവരുടെ എണ്ണംകൂടി എടുക്കുമ്പോൾ ഇതിന്റെ ഇരട്ടിയാകും. കൊല്ലം ജില്ലയിൽ പനി ബാധിച്ച് ഈ വർഷം 21 പേർ മരിച്ചതായിട്ടാണ് കണക്ക്. ഈ പുതിയതരം പനികൾ എങ്ങനെയാണ് ഉണ്ടാകുന്നതെന്ന് കണ്ടുപിടിക്കാനോ അവയ്ക്ക് ഫലപ്രദമായ ചികിത്സ നൽകാനോ സാധിക്കുന്നില്ല. ആശുപത്രികളുടെ കാര്യം വളരെ ദയനീയമാണ്. അവിടെ ആവശ്യത്തിന് ഡോക്ടർമാരോ വേണ്ടത്ര പാരാമെഡിക്കൽ സ്റ്റാഫോ ഇല്ല. മരുന്നുകളുടെ കാര്യമാണെങ്കിൽ പറയാനുമില്ല. എന്തിനേറെ പറയുന്നു, തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ സ്ഥിതി അടുത്ത ദിവസങ്ങളിൽ ചാനലുകളിലും പത്രങ്ങളിലും വന്നതല്ലേ ? സർക്കാർ പറയുന്നത് എല്ലാ ജില്ലകളിലും മെഡിക്കൽ കോളേജുകൾ കൊണ്ടുവരുന്നു എന്നാണ്. എല്ലാ ജില്ലകളിലും ഏതെങ്കിലും ഒരാശുപത്രിയുടെ മുൻപിൽ മെഡിക്കൽ കോളേജ് എന്ന ബോർഡ് കെട്ടിത്തൂക്കിയാൽ അത് മെഡിക്കൽ കോളേജാകുമോ ? അതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളൊരുക്കണ്ടേ ? നിങ്ങളുടെ ഈ തലതിരിഞ്ഞ നടപടികൾമൂലം നിലവിലുള്ള മെഡിക്കൽ കോളേജുകളുടെ സ്ഥിതിതന്നെ വളരെ ദയനീയമാവുകയാണ്. പല മരുന്നുകളും കർണ്ണാടകയുടേയും തമിഴ്നാടിന്റേയും അതിർത്തികടന്ന് കേരളത്തിലെത്തുമ്പോൾ വില നാലും അഞ്ചും ഇരട്ടി വർദ്ധിക്കുന്നതായി അടുത്തയിടെ ചില ചാനലുകളിലും പത്രങ്ങളിലും വാർത്ത വന്നിരുന്നു. മരുന്ന് ലോബികളുടേയും ഇടനിലക്കാരുടേയും സഹായികളായി സർക്കാർ മാറുന്നതുകൊണ്ടല്ലേ ഇങ്ങനെയൊക്കെ സംഭവിക്കുന്നത്. അതുകൊണ്ടാണല്ലോ സർക്കാരിന് വില നിയന്ത്രിക്കുവാൻ കഴിയാതെ വരുന്നത്. ഇപ്പോൾ സാധാരണ മനുഷ്യർക്ക് ചികിത്സതേടി ആശുപത്രികളിൽ പോകാൻ കഴിയാത്ത ഒരു സ്ഥിതിയാണുള്ളത്. സാധാരണക്കാർ ചികിൽസയ്ക്കായി പോകുന്ന പ്രാഥമിക ആരോഗ്യകേന്ദ്രം, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, താലൂക്ക് ആശുപത്രി, ജില്ലാ ആശുപത്രി, മെഡിക്കൽ കോളേജ് എന്നിവിടങ്ങളിൽ ഒരിടത്തും ആവശ്യത്തിന് മരുന്നോ, നഴ്സുമാരോ, മറ്റു പാരാമെഡിക്കൽ സ്റ്റാഫോ ഇല്ല. കേരളത്തിലെ എല്ലാ ആശുപത്രികളുടെയും അവസ്ഥ ഇതാണ്. രോഗം വന്നിട്ട് ചികിത്സിക്കുന്നതിനേക്കാൾ നല്ലത് രോഗം വരാതിരിക്കാൻ ശ്രദ്ധിക്കുകയാണ് വേണ്ടതെന്നാണ് പറയാറുള്ളത്. ഈ സർക്കാരിന് ജനങ്ങളോടോ, അവരുടെ പ്രശ്നങ്ങളോടോ ഒരു സഹാനുഭൂതിയുമില്ലെന്ന് ഞങ്ങൾക്കറിയാം. തെരഞ്ഞെടുപ്പ് വരുമ്പോൾ എന്തെങ്കിലുമൊക്കെ പൊടിക്കൈകൾ കാട്ടി വോട്ട് തട്ടുക, അതിനുശേഷം പരമാവധി ഖജനാവ് കൊള്ളയടിക്കുക. ഇതിനപ്പുറം ഈ സർക്കാരിന് ഒരു കാര്യത്തിലും താൽപര്യമില്ലെന്നുള്ളത് ആവർത്തിച്ചു

തെളിയിച്ചുകൊണ്ടിരിക്കുകയാണ്. അതുകൊണ്ടാണ് കേരളമാകെ പനി പിടിച്ച് വിറച്ചുകൊണ്ടിരിക്കുമ്പോഴും അതേപ്പറ്റി സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് നിങ്ങൾക്ക് തോന്നാത്തത്. ഇതിൽ ശക്തമായി പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. വി. എസ്. അച്ചുതാനന്ദനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

<u>ശ്രീ. സി. ദിവാകരൻ</u> : സർ, കേരളത്തിലെ പൊതുജനാരോഗ്യത്തെ ഗുരുതരമായി ബാധിക്കുന്ന വിഷയമാണ് ഞങ്ങൾ അടിയന്തരപ്രമേയമായി കൊണ്ടുവന്നത്. ഈ അടിയന്തരപ്രമേയത്തിൽ ഉന്നയിച്ചിട്ടുള്ള പ്രധാനപ്പെട്ട കാര്യങ്ങൾക്കൊന്നും ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞിട്ടില്ല. അത് ബൈപ്പാസ് ചെയ്ത് പോകുകയാണ് ചെയ്തത്. കേരളത്തിൽ പനി ബാധിച്ചുവെന്നുള്ള കാര്യത്തിൽ മന്ത്രിക്ക് ഇനി തർക്കമുണ്ടാവില്ല. മന്ത്രിയുടെ മറുപടി കേട്ടാൽ ഇവിടെ എല്ലാം സുഭിക്ഷമാണ്, എല്ലാ ആശുപത്രികളും സ്വർഗ്ഗരാജ്യമായി, മരുന്നുകൾ കൊണ്ട് ആളുകൾക്ക് നടക്കാൻ നിവൃത്തിയില്ല എന്നുതോന്നും. ഇനി ഇതിൽക്കൂടുതൽ എന്താവശ്യമാണെന്നാണ് മന്ത്രി ചോദിക്കുന്നത്. ഇതിന് യാഥാർത്ഥ്യവുമായി എന്തെങ്കിലും ബന്ധമുണ്ടോ? ഞാനും അങ്ങുമെല്ലാം തിരുവനന്തപുരത്ത് താമസിക്കുന്നവരല്ലേ ; ഞാൻ കഴിഞ്ഞദിവസം ജനറൽ ആശുപത്രിയിൽ പോയി. എന്താണ് അവിടത്തെ അവസ്ഥ? പനിപിടിച്ചവരുടെ വലിയൊരുകൂട്ടമാണ്. പനി പടർന്നു പിടിക്കുകയാണ്, നിയന്ത്രണവിധേയ മാകുന്നില്ല. അങ്ങുതന്നെ മറുപടിയിൽ പറഞ്ഞത് പനിബാധിച്ചവർ കഴിഞ്ഞ തവണ 13 ലക്ഷമുണ്ടായിരുന്നു, അതിപ്പോൾ 11 ലക്ഷമാണെന്നാണ്. ഈ 11 ലക്ഷമെന്നു പറയുന്നത് ഒരു ചെറിയ സംഖ്യയാണോ ? അങ്ങ് ഇതെല്ലാം പറയുമ്പോഴും കേരളത്തിൽ 11 ലക്ഷം ആളുകൾ പനിപിടിച്ച് ആശുപത്രികളുടെ മുൻപിൽ നിൽക്കുകയാണ്, അങ്ങ് പറഞ്ഞത് ഗവൺമെന്റിന്റെ കണക്കാണ്. ഞങ്ങൾ അടിയന്തര പ്രമേയത്തിൽ പറഞ്ഞിരിക്കുന്നത് 18 ലക്ഷം പേർക്ക് ഇതിനകം പനിബാധിക്കുകയും 50 പേർ മരണപ്പെടുകയുമുണ്ടായി എന്നാണ്. ഇതൊരു ഞെട്ടിപ്പിക്കുന്ന കാര്യമല്ലേ? സബ് സെന്ററുകൾ ഉൾപ്പെടെ 700 ആശുപത്രികളിൽ ലാബ് സൗകര്യവുമില്ല.

<u>ശ്രീ. വി. എസ്. ശിവകുമാർ</u> : സർ, സി.എച്ച്.സി. വരെ മാത്രമേ കേരളത്തിൽ ലാബുകൾ ഉണ്ടായിരുന്നുള്ളൂ.അതിന് താഴോട്ട് ഇല്ലായിരുന്നു. ഈ ഗവൺമെന്റാണ് പ്രൈമറി ഹെൽത്ത് സെന്ററുകളിൽ ലാബുകൾ തുടങ്ങാൻ

LIBRARY ARCHIVES Kerala Legislative Assembly

തീരുമാനിച്ചത്. ആദ്യഘട്ടത്തിൽ 250 എണ്ണം തുടങ്ങാൻ തീരുമാനിച്ചു. 125 എണ്ണം തുടങ്ങി. അതിനുതാഴെ 5000 സബ്സെന്ററുകളാണുള്ളത്. ഓരോ പ്രൈമറി ഹെൽത്ത് സെന്ററുകളുടെ കീഴിലും മൂന്നും നാലും സബ്സെന്ററുകളാണുള്ളത്. നമ്മൾ താഴേതലത്തിലേയ്ക്കും വരികയാണ്.

ശ്രീ. സി. ദിവാകരൻ : സർ, പ്രൈമറി ഹെൽത്ത് സെന്റർ, സബ് സെന്റർ എന്നിങ്ങനെയുള്ള വ്യത്യാസം പനി പിടിക്കുന്നവർക്കില്ല. പനിപിടിച്ചാൽ തൊട്ടടുത്തുള്ള, ഡോക്ടറുള്ള ഒരു സെന്ററിൽ പോകും. അതാണ് സബ് സെന്റർ എന്നു പറയുന്നത്. അവിടെ ലാബ് സൗകര്യമില്ലെന്നത് വസ്തുതയാണ്. അത് അംഗീകരിച്ചതിൽ ഞാൻ അങ്ങയെ അഭിനന്ദിക്കുകയാണ്. കേരളത്തിൽ കോസ്റ്റൽ ഏരിയകളിലും അസംഘടിതരും അനാരോഗ്യപരമായി ജീവിക്കുന്നവരുടെയിടയിലുമാണ് സാധാരണയായി പനി പടർന്നുപിടിക്കുന്നത്. തീരപ്രദേശത്ത് പനി പടർന്നു പിടിക്കാതിരിക്കാൻ ഈ ഗവൺമെന്റ് ഒരു നടപടിയും സ്വീകരിച്ചില്ല. അതുപോലെ പനി പടർന്നുപിടിക്കുന്ന രണ്ടാമത്തെ കേന്ദ്രം പട്ടികജാതി/പട്ടികവർഗ്ഗ/ആദിവാസി കോളനികളാണ്. അവിടെ പൊതുജനാരോഗ്യം സംരക്ഷിക്കാൻ യാതൊരു സംവിധാനവുമില്ല. പ്രത്യേക ആംബുലൻസ് സർവ്വീസ് ഇല്ല, ഡോക്ടർമാരുടെ പ്രത്യേക ടീം ഇല്ല ; പ്രത്യേക പരിശോധനയില്ല; എമർജൻസി ടീം ഇല്ല; അവിടെ യാതൊന്നും ഇല്ല. സമൂഹത്തിലെ ഏറ്റവും അടിത്തട്ടിലുള്ളവർ വസിക്കുന്ന കോളനികൾ, ചേരിപ്രദേശങ്ങൾ, അന്യസംസ്ഥാന തൊഴിലാളികളുടെ ക്യാമ്പുകൾ ഇവയെല്ലാം പനിയുടെ കേന്ദ്രങ്ങളാണ്. അവിടെ ഗവൺമെന്റ് യാതൊരു നടപടികളും സ്വീകരിക്കുന്നില്ല. കേരളത്തിൽ മറ്റ് സംസ്ഥാനങ്ങളിൽനിന്ന് ചെക്ക് പോസ്റ്റുകളിലൂടെ ധാരാളം ലോറി, ട്രക്കർ, ടെമ്പോ എന്നിവ കടന്നുവരുന്നുണ്ട്. ഡോക്ടർമാർ പറയുന്നത് അതിലെ ഡ്രൈവർമാരും മറ്റ് ജീവനക്കാരും യഥാർത്ഥത്തിൽ രോഗത്തിന്റെ കാരിയേഴ്സാണെന്നാണ്. അവരെ പരിശോധിക്കുവാൻ നടപടി സ്വീകരിക്കണം. അതുപോലെ അതിർത്തി പ്രദേശങ്ങളിൽനിന്ന് ഇറച്ചിക്കാവശ്യമായ കന്നുകാലികളെയും കോഴികളെയും കൊണ്ടുവരുന്നുണ്ട്, ഇതെല്ലാം രോഗം വരുന്ന വഴികളാണ്. ചെക്ക്പോസ്റ്റുകളിൽ ഇതെല്ലാം പരിശോധിക്കുന്നതിനുള്ള സംവിധാനമുണ്ടാകണം. ഒരു വാർഡിന് 25,000 രൂപ അനുവദിച്ചിട്ടുണ്ടെന്ന് അങ്ങിവിടെ പറഞ്ഞു. ഞാൻ അങ്ങയുടെ കത്ത് കണ്ട് ഡി.എം.ഒ. യെ വിളിച്ച് യോഗം കൂടി, പത്ത് പൈസയില്ലെന്നാണ് അവർ പറഞ്ഞത്. കൊല്ലത്താണെങ്കിൽ കളക്ടറുമില്ല, റവന്യൂമന്ത്രിയോട് ഞാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ഈ വിഷയത്തിൽ എം.എൽ.എ. മാരെക്കൊണ്ട് യോഗം വിളിപ്പിക്കരുത്. കാരണം, ഉദ്യോഗസ്ഥൻമാർ

LIBRARY ARCHIVES Kerala Legislative Assembly

പറയുന്നത് കേട്ടുപോകാൻ മാത്രമേ എം.എൽ.എ. മാർക്ക് കഴിയുകയുള്ളൂ. അതുകൊണ്ട് മന്ത്രിമാരുടെ നേതൃത്വത്തിൽ ജില്ലാ കേന്ദ്രങ്ങളിൽ യോഗം വിളിച്ച് യഥാർത്ഥ വസ്തുതയെന്താണെന്ന് മനസ്സിലാക്കാൻ അങ്ങ് തയ്യാറാകണം. ഗവൺമെന്റിന്റെ കണക്കനുസരിച്ച് 11 ലക്ഷത്തിൽപ്പരം ആളുകൾക്ക് പനിപിടിച്ച പ്രശ്നം ചർച്ചചെയ്യാൻ അനുവദിക്കാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റിന്റെറ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. സി. ദിവാകരനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

ശ്രീ. മാത്യു റ്റി. തോമസ് : സർ, നാം എന്നും അഭിമാനിച്ചിരുന്ന ഒരു മേഖലയായിരുന്ന കേരളത്തിന്റെ പൊതുജനാരോഗ്യ മേഖല. ഈ രംഗം ഇന്ന് നേരിട്ടുകൊണ്ടിരിക്കുന്ന തിരിച്ചടികളിലേയ്ക്ക് എല്ലാപേരുടേയും ശ്രദ്ധ ചെല്ലേണ്ട ഒരു സന്ദർഭമാണിത്. പ്രധാനമായും പൊതുജനാരോഗ്യ മേഖലകളിൽ കഴിഞ്ഞ നാളുകളിൽ നടത്തിയ സേവനം ഇപ്പോൾ നമുക്ക് ചെയ്യാൻ കഴിയുന്നില്ല. പഴയകാലത്തെ സ്റ്റാഫ് പാറ്റേൺ കൊണ്ട് കാര്യമില്ല. ഇന്ന് സാധാരണക്കാരായ ജനങ്ങൾ ചെല്ലുന്ന ആശുപത്രികൾ അത് താലൂക്ക് ആശുപത്രികളാണെങ്കിലും സി.എച്ച്.സികളാണെങ്കിലും പി.എച്ച്.സികളാണെങ്കിലും സബ്സെന്ററുകളാണെങ്കിലും അവിടെയൊന്നും മതിയായ തസ്തികകളില്ല. ഉള്ള തസ്തികകൾ തന്നെ ഒഴിഞ്ഞ് കിടക്കുകയാണ്. സേവനമേഖലയിൽ നിന്ന് ഭരണകൂടങ്ങൾ പിൻമാറുകയെന്ന ആഗോളീകരണ നയത്തിന്റെ ഒരു പ്രതിഫലനം ആരോഗ്യ മേഖലയിൽ ഉണ്ടായിരിക്കുന്നുവെന്നതാണ് യഥാർത്ഥത്തിലുള്ള പ്രശ്നം. മരുന്നുകൾ ആവശ്യത്തിനുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുമ്പോൾത്തന്നെ കേരള മെഡിക്കൽ സർവ്വീസസ്സ് കോർപ്പറേഷന് ഇപ്പോൾ കൊടുക്കാനുള്ള കടിശ്ശിക 450 കോടി രൂപയാണ്. ആ കടിശ്ശിക തീർക്കാതെ ഇനി മരുന്ന് വിതരണം ചെയ്യില്ലെന്നാണ് അവർ പറയുന്നത്. നിങ്ങൾ അവതരിപ്പിച്ചുവെന്ന് പറയുന്ന ബഡ്ജറ്റിലും 300 കോടിരൂപ മാത്രമെ വകയിരുത്തിയിട്ടുള്ളൂ. മെഡിക്കൽ സർവ്വീസസ്സ് കോർപ്പറേഷനെകൊണ്ട് തന്നെയാണോ വരുംകാലങ്ങളിൽ മരുന്ന് കൊടുക്കുവാൻ ഉദ്ദേശിക്കുന്നത്? അവർക്ക് എങ്ങനെ പണം കൊടുക്കുമെന്നതിനെ സംബന്ധിച്ച് ഒന്നും പറയാനും കഴിയുന്നില്ല. തസ്തികകളുമില്ല മരുന്നുകളുമില്ല. പിന്നെയുള്ള പ്രശ്നം പ്രീ-മൺസൂൺ സാനിറ്റേഷൻ വർക്കുകളെപ്പറ്റിയാണ്. വാർഡ് ലെവൽ സാനിറ്റേഷൻ കമ്മിറ്റികൾ പ്രവർത്തി

LIBRARY ARCHIVES Kerala Legislative Assembly

ക്കണമെന്ന് നാം ആഗ്രഹിക്കുമ്പോൾ അതിനുവേണ്ടി നിഷ്കർഷിച്ചിരിക്കുന്ന തുകയാണ് 25,000 രൂപ. എൻ.ആർ.എച്ച്.എം.-ന്റെ ഫണ്ട് കുറഞ്ഞിരിക്കുന്നുവെന്നത് ഒരു യാഥാർത്ഥ്യമാണ്. സേവന മേഖലയിൽ നിന്ന് പിൻമാറുകയെന്ന കോൺഗ്രസ്സ് നടപ്പാക്കിയ അതേ നയം ഈ ഗവൺമെന്റും തുടർന്നുവരുന്നതിന്റെ ഭാഗമായാണ് എൻ.ആർ.എച്ച്.എം.-ന്റെ ഫണ്ട് കുറഞ്ഞിരിക്കുന്നത്. വാർഡ് ലെവൽ സാനിറ്റേഷൻ കമ്മിറ്റിയ്ക്ക് 10,000 രൂപ കൊടുക്കാൻ കഴിയുന്നില്ല, കൊടുത്തിട്ടുമില്ല. ഞങ്ങളുടെ ജില്ലയിലടക്കം മറ്റ് പല ജില്ലകളിലും എൻ.ആർ.എച്ച്.എം.-ന്റെ ഫണ്ട് കിട്ടുന്നില്ലെന്നുള്ള കാര്യം ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കണം. ശുചിത്വമിഷന്റെ കഴിഞ്ഞ വർഷത്തെ ഫണ്ട് കിട്ടിയിട്ടില്ല. ഈ ഫണ്ട് കിട്ടാതെ പഞ്ചായത്തുകൾ അനുവദിക്കുന്ന ഫണ്ടിൽ നിന്ന് 5,000 രൂപ കൊടുക്കണമെന്ന് പറഞ്ഞാൽ, 25000-ന്റെ ബ്രേക്ക്അപ് ഉണ്ടാക്കുകയെന്നല്ലാതെ ....

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) : സർ, സാനിറ്റേഷൻ കമ്മിറ്റിക്ക് കൊടുക്കാനുള്ള ഫണ്ട് 10,000 രൂപ വച്ച് ഒരു മാസത്തിനുമുമ്പുതന്നെ കൊടുത്തുകഴിഞ്ഞു. അത് കിട്ടിയില്ലെങ്കിൽ തീർച്ചയായിട്ടും അത് പരിശോധിക്കുന്നതാണ്.

ശ്രീ. മാത്യു റ്റി. തോമസ് : സർ, ഒരു സാക്ഷിയെക്കൂടി പറഞ്ഞുകൊണ്ടാണ് ഞാൻ അങ്ങയുടെ മുമ്പിൽ ഇത് അവതരിപ്പിച്ചത്. ശ്രീ. രാജു എബ്രഹാമും ശ്രീ. ചിറ്റയം ഗോപകുമാറും ശ്രീ. കെ. ശിവദാസൻ നായരും ഞാനും കൂടി പങ്കെടുത്ത ഡി.ഡി.സി. യോഗത്തിലാണിത് പറഞ്ഞത്. ശ്രീ. കെ. ശിവദാസൻ നായരുടെ പേര് മാത്രം പറഞ്ഞത് അങ്ങയുടെ ഭാഗത്തുള്ള ഒരു എം.എൽ.എ. ആയതുകൊണ്ടാണ്. എൻ.ആർ.എച്ച്.എം.-ന്റെ ഫണ്ട് കിട്ടിയിട്ടില്ലെന്നും അത് കിട്ടാതെ പണം കൊടുക്കാൻ കഴിയില്ലെന്നും അതുകൊണ്ട് പഞ്ചായത്തുകൾ തനതു ഫണ്ടിൽ നിന്നും പണം കൊടുക്കാനും അതിന് പെർമിസ്സീവ് സാങ്ഷനുണ്ടെന്നും എൻ.ആർ. എച്ച്.എം.-ന് ഫണ്ട് കിട്ടുമ്പോൾ തരാമെന്നുമാണ് ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ ഡി.ഡി.സി.-യിൽ വ്യക്തമാക്കിയത്. പെർമിസ്സീവ് സാങ്ഷനുണ്ടെന്നു പറഞ്ഞതുകൊണ്ട് പഞ്ചായത്ത് ചെലവാക്കി. സാനിറ്റേഷൻ കമ്മിറ്റിക്ക് 25,000 രൂപ കൊടുത്തുകഴിഞ്ഞാൽ ആ വാർഡിലെ എല്ലാ ശുചിത്വപ്രവർത്തനങ്ങളും ഭംഗിയായി നടക്കുമെന്ന് ധരിക്കണ്ട. നമ്മുടെ പഞ്ചായത്തുപ്രതിനിധികളടക്കമുള്ള ജനപ്രതിനിധികൾ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സജീവമായും ഗൗരവമായും ഇക്കാര്യങ്ങൾ ഉൾക്കൊണ്ടുകൊണ്ട് സമർപ്പിതമായി പ്രവർത്തിക്കുന്ന സാഹചര്യമുണ്ടെങ്കിൽ മാത്രമെ 25,000 രൂപയുടെ പ്രയോജനമെങ്കിലും ഉണ്ടാകുകയുള്ളൂ. എന്നാൽ അതുപോലുമുണ്ടായിട്ടില്ല. ആശുപത്രികളിൽ ഡോക്ടർമാരില്ല, മരുന്നില്ല, സാനിറ്റേഷൻ വർക്കിന് ഫണ്ടില്ല. പതിനെട്ട് ലക്ഷമാളുകൾക്കാണ് പനിബാധിച്ചിട്ടുള്ളതെന്നാണ് ഞങ്ങൾ കണക്കു പറഞ്ഞത്. എന്നാൽ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് പതിനൊന്ന് ലക്ഷമാണെന്നാണ്. അൻപതിലധികമാളുകൾ മരണപ്പെടുകയും ചെയ്തു. ഇതുയും ഗുരുതരാവസ്ഥയിൽ പനിയുടെ വ്യാപനം നടന്നുകൊണ്ടിരിക്കുകയാണ്. രോഗങ്ങളുടെ ശാസ്ത്രീയ നാമങ്ങളൊന്നും ഞാൻ ഉപയോഗിക്കുന്നില്ല. ഇത് ഗൗരവമായി കണ്ട് അടിയന്തര നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകണം. ഇതുയും ഗൗരവതരമായ ഒരു വിഷയം സഭയിൽ ചർച്ച ചെയ്യാൻ വൈമുഖ്യം കാണിച്ചതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മാത്യു റ്റി. തോമസും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

ശ്രീ. എ. കെ. ശശീന്ദ്രൻ : സർ, നമ്മുടെ സംസ്ഥാനം നേരിടുന്ന അതീവ ഗുരുതരമായ ഒരു പ്രശ്നമാണ് പ്രൊഫസർ സി. രവീന്ദ്രനാഥ് ഇവിടെ ഉന്നയിച്ചത് ആരോഗ്യ മേഖലയിൽ ശരിയായ രീതിയിലുള്ള പ്രവർത്തനം നടക്കണമെന്നാഗ്രഹിക്കുന്ന ഒരു ജനപ്രതിനിധിയുടെ ശബ്ദമാണ് അദ്ദേഹത്തിന്റെ അവതരണത്തിലൂടെ നമുക്ക് കേൾക്കാൻ കഴിഞ്ഞത്. അതിനോട് ക്രിയാത്മകമായ പ്രതികരണം ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകുമെന്നായിരുന്നു ഞാൻ പ്രതീക്ഷിച്ചത്. എന്നാൽ ബഹുമാനപ്പെട്ട മന്ത്രി പ്രതിപക്ഷത്തെ അടിച്ചിരുത്താൻ പറ്റിയ ന്യായങ്ങൾ പറഞ്ഞ് ഞാൻ മിടുക്കനാണെന്ന് വരുത്തിത്തീർക്കാനാണ് ശ്രമിച്ചത്. ആരോഗ്യ മേഖലയിൽ എല്ലാം ഭദ്രമാണെന്നാണ് അദ്ദേഹം ന്യായീകരിച്ചത്. പതിനൊന്ന് ലക്ഷത്തിലധികം പേർ പനി ബാധിതരായി നമ്മുടെ സംസ്ഥാനത്ത് പേടിച്ച് വിറങ്ങലിച്ച് നിൽക്കുന്ന ഒരു പ്രശ്നം ഇവിടെ ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ടപ്പോൾ, എല്ലാം ഭദ്രമാണെന്ന രീതിയിൽ ഇതിൽ കൂടുതൽ ഇനിയൊന്നും ചെയ്യാനില്ലെന്ന മട്ടിലുള്ള മറുപടിയാണ് മന്ത്രിയുടെ ഭാഗത്തുനിന്നുണ്ടായിരിക്കുന്നത്. ഈ വിഷയം സഭയിൽ ചർച്ച ചെയ്യുന്നില്ലെങ്കിൽ കേരളത്തിലെ ജനങ്ങൾ നിങ്ങൾ എന്തിനാണ് ജനപ്രതിനിധികളെന്നും പറഞ്ഞ് ഈ രാജ്യത്ത് നടക്കുന്നതെന്ന് ഞങ്ങളോട് ചോദിക്കും. ആ ചോദ്യത്തിന് ഉത്തരം പറയാനുള്ള ബാധ്യത ഈ സഭയ്ക്കുണ്ട്.

അതുകൊണ്ടാണ് ഈ പ്രശ്നം ചർച്ചചെയ്യണമെന്ന് ഞങ്ങൾ ആവശ്യപ്പെട്ടത്. പനി ബാധിത കേരളത്തെ, രോഗാതുരമായ കേരളത്തെ ആരോഗ്യ കേരളമാക്കി മാറ്റാനുള്ള താൽപ്പര്യക്കുറവാണ് ഗവൺമെന്റ് കാണിച്ചിട്ടുള്ളത്. അത്തരം താൽപ്പര്യക്കുറവ് ജനങ്ങളോട് കാണിക്കുന്നത് ക്രൂരതയാണ്. അത്തരം ക്രൂരമായ സമീപനം സ്വീകരിച്ച സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. എ. കെ. ശശീന്ദ്രനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി).

(പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അൽപ്പസമയത്തിനുശേഷം സഭയിൽ വീണ്ടും ഹാജരായി.)

III ശ്രദ്ധക്ഷണിക്കൽ

1. കാമ്പസുകളിലെ സംഘടനാ പ്രവർത്തനം

ശ്രീ. ഷാഫി പറമ്പിൽ : സർ, ഈ സഭയിലേയ്ക്ക് കടന്നുവന്നിട്ടുള്ള നമ്മളിൽ ഭൂരിഭാഗം അംഗങ്ങളും വിദ്യാർത്ഥി സംഘടനാ പ്രവർത്തനം നടത്തി, അവരുടെ അവകാശങ്ങൾക്കുവേണ്ടി പോരാടിയതിനുശേഷമാണ് രാഷ്ട്രീയ രംഗത്തേയ്ക്ക് കാലെടുത്തുവച്ചത്. ആ അനുഭവസമ്പത്തും പോരാട്ട വീര്യവുമൊക്കെ ഉൾക്കൊണ്ടുകൊണ്ടാണ് കേരളത്തിന്റെ ജനാധിപത്യ വേദിയിലേയ്ക്ക് ഒരു വിദ്യാർത്ഥി സംഘടനാ പ്രതിനിധിയെന്ന നിലയ്ക്ക് ഞാനുൾപ്പെടെയുള്ള ആളുകൾ കടന്നുവന്നത്. കോളത്തിലെ ബഹുമാന്യനായ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി സാർ ഉൾപ്പടെയുള്ള ആളുകൾ കേരള വിദ്യാർത്ഥി യൂണിയന്റെ സംസ്ഥാന അദ്ധ്യക്ഷ പദവിയിലിരുന്നതിനുശേഷമാണ് രാഷ്ട്രീയ രംഗത്തേയ്ക്കും നിയമസഭയിലേയ്ക്കും കടന്നുവന്നത്. പ്രതിപക്ഷത്തുള്ളവരും എസ്.എഫ്.ഐ. യുടെ പ്രസിഡന്റുമാർ, ജനറൽ സെക്രട്ടറിമാർ തുടങ്ങിയ പദവികൾ വഹിച്ചിരുന്നവരായിരുന്നു. ശ്രീ. എ. കെ. ആന്റണിയെപ്പോലുള്ള നേതാക്കന്മാർ, അതുപോലെ ശ്രീ. പിണറായി വിജയനെപ്പോലുള്ള കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടിയുടെ നേതാക്കന്മാർ അവരൊക്കെ വിദ്യാർത്ഥി സംഘടനാപ്രവർത്തനത്തിന്റെ ഭാഗമായി രഷ്ട്രീയ രംഗത്തേയ്ക്കും കേരളത്തിന്റെ ജനാധിപത്യ വേദികളിലേയ്ക്കും പാർലമെന്റിലേയ്ക്കും തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ആളുകളാണ്. ഇപ്പോൾ കേരളത്തിലെ കാമ്പസുകളിൽ രാഷ്ട്രീയത്തെ ആരൊക്കെയോ ഭയപ്പെടുന്നുവെന്നുള്ളത് ഒരു വസ്തുതയാണ്. മാനേജ്മെന്റുകൾ രാഷ്ട്രീയത്തിനെതിരായി തീരുമാനമെടുക്കുമ്പോൾ അത് അവർക്ക് നടപ്പിലാക്കാൻ കഴിയും. കോടതികളും അതിനനുകൂലമായ തീരുമാനമെടുക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly